PHONE 163 പുതിയ തടികൾ PHONE 448 വിലകുറച്ചു

തേക്ക്, ഇരുമ്പ്, മരത്തിൽ മുതലായ എല്ലാജാതി മരങ്ങളും പുതിയ സ്റ്റോക്കുകളായി എത്തിയിരിക്കുന്നു
മൊത്തമായും ചില്ലറയായും നിങ്ങൾക്കാവശ്യമുള്ള
തരത്തിലുള്ള തടികൾക്കും മുട്ടുപടികൾക്കും സപ്ലൈ ചെയ്യുന്നു
വി. കന്തസ്വാമിചെട്ടിയാർ & സൺസ്
സോമിൽ & മരക്കച്ചവടം
പടിഞ്ഞാറെ കോട്ട, തൃശ്ശൂർ. Br. ചേലക്കര.

Reg. No. K. 31

തൊഴിലാളി

Founder: Father Vadakkan

Honorary Chief Editor: T. O. Mathew M.A. Managing Editor: B. Wellington B. A.

'തൊഴിലാളി' വരിസംഖ്യ നിരക്ക്

	പോസ്റ്റ്‌വഴി	വാരാന്ത്യപതിപ്പ് പോസ്റ്റ്‌വഴി
ഒരു മാസത്തേക്ക്	27.00	6.00
മൂന്നു മാസത്തേക്ക്	11.50	8.00
ആറു മാസത്തേക്ക്	6.75	1.50
ഏജൻറുമാർവഴി ഒരു മാസത്തേക്ക്		
വാരാന്ത്യപതിപ്പ് കൂടാതെ	)	5.10
കൂടെയുള്ളത്	00.7	00.16

നാരായൻ

പുസ്തകം 12 | ലക്കം 25 | 1965 ജനുവരി 26 ചൊവ്വ, വൃശ്ചികം 12 | വില 10 നയാപൈസ | പേജ് 8

27 പുതിയ കർദ്ദിനാൾമാർ

(എ. എഫ്. പി)

വത്തിക്കാൻസിറ്റി ജനു. 25

പോപ്പ് മാർപ്പാപ്പ തന്റെമേൽ 27 പുതിയ കർദ്ദിനാൾമാരെ നാമനിർദ്ദേശം ചെയ്തിരിക്കുന്നു.

ഫെബ്രുവരി 22ന് ചേരുന്ന കൺസിസ്റ്റോറിയൽ യോഗത്തിൽ നാമനിർദ്ദേശങ്ങളും സമർപ്പിക്കപ്പെടുന്നതാണ്.

പ്രേഗിലെ ആർച്ച് ബിഷപ്പ് ജോസഫ് ഡോറണും, സാവോയ്ക്ക് അധികൃതർ ഇയ്യിടെ വിട്ടയച്ച മോൺസിഞ്ഞോർ ജോസഫ് സിൽപ്പിയും പുതിയ കർദ്ദിനാൾമാരിൽ ഉൾപ്പെട്ടതെന്നറിയുന്നു.

— ° —

ശാസ്ത്രി മടങ്ങി

[പി ടി ഐ] ബാങ്കോക്ക് ജനു 25

പ്രധാനമന്ത്രി ശാസ്ത്രിയും പാർട്ടിയും പ്രത്യേക വിമാനമാർഗ്ഗം ഇന്നു ഡൽഹിയിലേക്ക് മടങ്ങി.

സംസ്ഥാനത്തെ മുന്നു ദിവസത്തെ സന്ദർശനത്തിൽ പ്രധാനമന്ത്രിക്ക് തിരക്കിട്ട പരിപാടികളായിരുന്നു.

ഛർദ്ദി തിരിച്ചറിഞ്ഞു

(പി ടി ഐ) ബോംബെ ജനു 25

ഒരാഴ്ചക്കാലം ഐക്യ അമേരിക്കൻ സന്ദർശനം നടത്തിയശേഷം കേന്ദ്ര വിദ്യാഭ്യാസമന്ത്രി എം സി ഛഗ്ല ഇന്നിവിടെ എത്തി. ഇന്നു രാവിലെ അദ്ദേഹം എയർപോർട്ടിലേക്ക് തിരിക്കുന്നതായിരുന്നു.

....

ഗവണ്മെണ്ടു് ജീവനക്കാരുടെ ക്ഷാമബത്ത വർദ്ധിപ്പിച്ചു

ഏഴരമുതൽ 15 ഉറുപ്പികവരെ വർദ്ധനവു്; എയിഡഡ് അദ്ധ്യാപകർക്കും, നോൺടീച്ചിങ്ങ് സ്റ്റാഫിനും ഈ ആനുകൂല്യം കിട്ടും

ശമ്പളകമ്മീഷനെ നിയമിക്കുവാൻ തീരുമാനം

(പി ടി ഐ) തിരുവനന്തപുരം, ജനുവരി 25

മാസം അഞ്ഞൂറു് ഉറുപ്പികവരെ ശമ്പളംവാങ്ങുന്ന ഗവണ്മെണ്ടു് ജീവനക്കാരുടെ ക്ഷാമബത്താ ഇനത്തിൽ ഏഴര ഉറുപ്പികമുതൽ 15 ഉറുപ്പികവരെ വർദ്ധിപ്പിച്ചതായികേരള ഗവണ്മെണ്ടു് ഇന്നു് പ്രഖ്യാപിച്ചു

ഗവണ്മെണ്ടു് അദ്ധ്യാപക്കും ഇതര ജീവനക്കാർക്കും ഈ ആനുകൂല്യം കിട്ടുന്നതാണു്. എയിഡഡ് അദ്ധ്യാപകരുടെ ക്ഷാമബത്തയും ഗവണ്മെണ്ടു് അദ്ധ്യാപകരുടേതിനോടു് തുല്യമാക്കും എയിഡഡ് സ്കൂളുകളിലെ നോൺ ടീച്ചിങ്ങ് സ്റ്റാഫിനും ഈ ആനുകൂല്യം അനുവദിച്ചിട്ടുണ്ടു്.

ഗവണ്മെണ്ടു് ഓഫീസുകളിലെ പ്യൂൺമാർ മുതൽ ഹൈക്കോടതിയിൽവച്ചു് പ്രഖ്യാപിച്ച യു ഡി ക്ലാർക്കുമാർ വരെയുള്ള ഗവണ്മെണ്ടു് ജീവനക്കാരുടെ ശമ്പള സ്കെയിലുകളുടെ പുനഃപരിശോധിക്കുവാൻ ഗവണ്മെണ്ടു് ഒരു ശമ്പളകമ്മീഷനെ നിയമിക്കുവാനും തീരുമാനിച്ചിട്ടുണ്ടു്.

ക്ഷാമബത്ത വർദ്ധിപ്പിച്ചിട്ടുള്ളതു് ഇനിപറയുന്നവരിലായിരിക്കും.

1) 40 ഉറുപ്പികയിലും കുറഞ്ഞ അടിസ്ഥാനശമ്പളക്കാർക്കു് 7.50 ക.

2) 40 ഉറുപ്പികയും അതിൽ കൂടുതലും 200 ക വരെ 12.50 ക



3) 200 ഉറുപ്പികയും അതിൽ കൂടുതലും 500 ഉറുപ്പികവരെ 15 ഉറുപ്പിക

മുഖ്യപ്രശ്നം

എയിഡഡ് സ്കൂൾ അദ്ധ്യാപകർക്കു് ഗവണ്മെണ്ടു് അദ്ധ്യാപകർക്കുള്ളതുപോലെ [illegible] നൽകുമെന്നു് സംസ്ഥാനഗവണ്മെണ്ടു് പറഞ്ഞിരുന്നതെന്നും ഗവണ്മെണ്ടുതല പ്രസ്താവനയിൽ ചൂണ്ടിക്കണിച്ചിട്ടുണ്ടു്. പക്ഷെ ഗവണ്മെണ്ടു് അദ്ധ്യാപകരെ ബാധിക്കുന്ന പട്ടങ്ങളെല്ലാം എയിഡഡ് അദ്ധ്യാപകർക്കും ബാധകമാക്കുമെന്നു് ഗവണ്മെണ്ടു് പറഞ്ഞ എയിഡഡ് അദ്ധ്യാപക്കു് ഇപ്പോഴും തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനും മറ്റും സ്വാതന്ത്ര്യമുണ്ടു് ഗവണ്മെണ്ടു് അദ്ധ്യാപക്കു് അതില്ല. പട്ടങ്ങളും ഒരുപോലെ ബാധകമാക്കണമെങ്കിൽ ഇന്നത്തെ പട്ടങ്ങളിൽനിന്നു് ഉദ്യോഗിയുമാണു്. അതുകൊണ്ടു് അതിനെപ്പറ്റി പഠിച്ചു് പരിഗണിക്കുവാനായി കഴിയുകയുള്ളു. ക്ഷാമബത്താ ഇനത്തിൽ എയിഡഡ് അദ്ധ്യാപക്കു് ഇപ്പോൾ അനുവദിക്കുന്നതിലും കൂടുതൽ അനുവദിക്കുന്നതിനും തെരഞ്ഞെടുപ്പിൽ എയിഡഡ് അദ്ധ്യാപക്കു് മത്സരിക്കുന്നതിനും വിരോധമില്ല. പക്ഷെ മറ്റെല്ലാ പട്ടങ്ങളും ഗവണ്മെണ്ടു് അദ്ധ്യാപകർക്കുന്നതുപോലെ എയിഡഡ് അദ്ധ്യാപകർക്കും ബാധകമാണു്.

വിദ്യാഭ്യാസം പരീക്ഷയും പുസ്തകപാരായണവുമല്ല — ശാസ്ത്രി

(പി ടി ഐ) സാഗർ (മൈസൂർ) ജനുവരി, 24

പരീക്ഷക്കുവേണ്ടി പുസ്തകം വായിക്കുന്നതുമാത്രമല്ല വിദ്യാഭ്യാസമെന്നു് പ്രധാനമന്ത്രി ശാസ്ത്രി ഇന്നിവിടെവെച്ചു് പ്രസ്താവിച്ചിരിക്കുന്നു. വിദ്യാർത്ഥികളുടെ യോഗ്യതയും വ്യക്തിത്വവും വികസിപ്പിക്കാൻ പര്യാപ്തമായിരിക്കണം അതു്.

ഇവിടെ മൈസോർ കോളേജിന്റെ ശിലാസ്ഥാപനകർമ്മം നിർവ്വഹിക്കുകയായിരുന്നു അദ്ദേഹം. ശിക്ഷണ ബോധത്തിന്റെ അവശ്യകതയെ അദ്ദേഹം ഉന്നിപ്പറഞ്ഞു. ആധുനികരുമായും ബാഹ്യമായും ഉണ്ടായ പ്രതിസന്ധിയിലൂടെ കടന്നുപോകുകയാണു്. അതുകൊണ്ടു് ജനങ്ങൾക്കു് ശിക്ഷണമുള്ളവരായിരിക്കണം.

മറ്റു് സംസ്ഥാനങ്ങളുടെ പ്രതികരണം തനിക്കറിയില്ലെങ്കിലും, മലയാള ശരങ്ങളുടെ വികസനമാർഗ്ഗം ഒരു പൊതു സംഘടന വേണമെന്നു മൈസൂർ മുഖ്യമന്ത്രിയുടെ നിർദ്ദേശം പരിഗണനാർഹമാണെന്നു് ശാസ്ത്രി പറഞ്ഞു. പിന്നോക്കം നില്ക്കുന്ന മലയാളശങ്ങളെ പ്രത്യേകിയിൽനിന്നു് വീട്ടുകയെന്നതു്.

കൃഷിയും വ്യവസായവുമാണു് രാജ്യവികസനത്തിന്റെ കേന്ദ്രബിന്ദു അതുകൊണ്ടു് ഇറക്കുമതി മുന്നുക്കയും സമ്പദ്വ്യവസ്ഥ പുരോഗമിക്കുകയും ചെയ്യത്തക്കവിധത്തിൽ ഈ രണ്ടു മേഖലകൾക്കും പ്രാധാന്യം നൽകപ്പെടണം.

—=—

തടവിൽ കിടക്കുന്നവർ ജയിച്ചു് മന്ത്രിമാരായാൽ നന്ദ എന്തുചെയ്യും?

നമ്പൂതിരിപ്പാടിന്റെ ചോദ്യം

[പി ടി ഐ] തിരുവനന്തപുരം, ജനു. 25

കേരളത്തിലെ തെരഞ്ഞെടുപ്പിൽ കോൺ. പാർട്ടിക്കു് അനുകൂലമായ സാഹചര്യങ്ങളും സൃഷ്ടിക്കുവാൻ പൊതുപ്രവർത്തകനായ ശ്രീ കെ തങ്കപ്പൻ പാർട്ടിയിൽ ചേർന്നവരെ രാജ്യദ്രോഹക്കുറ്റത്തിനായി അറസ്റ്റ് ചെയ്തതിനു് ഇ. എം. എസ്. നമ്പൂതിരിപ്പാടു് ആരോപിച്ചിരിക്കുന്നു.

തടവിൽ കഴിയുന്നവരിൽ 30 പേരെയെങ്കിലും സ്ഥാനാർത്ഥികളായി നിർത്തുന്നു് നമ്പൂതിരിപ്പാടു് പറഞ്ഞു.

തടവറ പാർട്ടിയിൽ ചേർന്നവരെ ജയിലിൽ പാർപ്പിക്കുന്നതിനു പകരം അവരെ മോചിപ്പിച്ചു്, അവർ കൈനീസ് പ്രസിഡന്റായിരുന്ന അല്ലയോ എന്നറിയാനുള്ള ജനാധിപത്യ സമ്പ്രദായം അവരെ അനുവദിക്കുന്നതാണു് ഉത്തമമായിട്ടുള്ളതെന്നു് നമ്പൂതിരിപ്പാടു് ചൂണ്ടിക്കാട്ടി.

തടവറ പാർട്ടിയുടെ ജയിലിൽ പാർപ്പിക്കുന്നതിനു പകരം അവരെ മോചിപ്പിച്ചു്, അവർ കൈനീസ് പ്രസിഡന്റായിരുന്ന അല്ലയോ എന്നറിയാനുള്ള ജനാധിപത്യ സമ്പ്രദായം അവരെ അനുവദിക്കുന്നതാണു് ഉത്തമമായിട്ടുള്ളതെന്നു് നമ്പൂതിരിപ്പാടു് ചൂണ്ടിക്കാട്ടി.

തടവുകാരെ മോചിപ്പിക്കണമെന്നുള്ള ആവശ്യത്തിനു് അനുകൂലമായ അഭിപ്രായം [illegible] ഉണ്ടാക്കുന്നതിനു് നേരത്തെ നടന്ന കൂടിയാലോചനയിൽ പരാമർശിച്ചുകൊണ്ടു് നമ്പൂതിരിപ്പാടു് പറഞ്ഞു.

പ്രധാനമന്ത്രിയുടെ കേരള പരിപാടി

പി ടി ഐ തിരു: ജ. 25

പ്രധാനമന്ത്രി ലൽബഹദൂർശാസ്ത്രി ജനു. 31-നു കാലത്തു് ഒരു പ്രത്യേക വിമാനമാർഗ്ഗം ഇവിടെ എത്തിച്ചേരുന്നതാണു്. അന്നു തന്നെ കന്നേരം 5 മണിക്കു് റസിഡൻസികാമ്പസിൽ ഗാന്ധിസ്മാരകമായി പടുത്തുയർത്തിട്ടുള്ള സ്മാരകമന്ദിരത്തിന്റെ ശിലാസ്ഥാപനകർമ്മം നടത്തുന്നതും അവർക്കുന്നേരം 6 മണിക്കു് യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ കൂടുന്ന പൊതുയോഗത്തിൽ പ്രസംഗിക്കുന്നതുമാണു്. ഫെബ്രുവരി 1-നു കാലത്തു് 10 മണിക്കു് തിരുവനന്തപുരം എൻജിനീയറിംഗ് കോളേജിന്റെ നൂതനകെട്ടിടത്തിന്റെ ശിലാസ്ഥാപനകർമ്മം അദ്ദേഹം നിർവ്വഹിക്കുന്നതാണു്. അന്നു തന്നെ കന്നേരം 4 മണിക്കു് ആലുവയിൽ കൂടുന്ന പൊതുയോഗത്തിൽ അദ്ദേഹം പ്രസംഗിക്കും. രാത്രി തിരുവിതാംകൂർ അതിഥിയായി അദ്ദേഹം കോഴിക്കോട്ടക്കുപോകും. ഫെബ്രുവരി 2-നു രാവിലെ കോഴിക്കോട്ടു കൂടുന്ന പൊതുയോഗത്തിൽ അദ്ദേഹം പ്രസംഗിക്കും. രാത്രി അദ്ദേഹം മദ്രാസിനുള്ള എർണാകുളത്തുക്കൂടി തിരിച്ചുപോകുന്നതാണു്. 3-നു രാവിലെ അദ്ദേഹം ഡൽഹിയിലേക്കു് മടങ്ങിപ്പോകും.

ശാസ്ത്രിയുടെ യാത്രയിൽ സ്വീകരണങ്ങളൊന്നും ഏർപ്പാടുചെയ്യുന്നതല്ല.

പ്രൈവറ്റ് കോളേജ് അദ്ധ്യാപകരുടെ ശമ്പളം ഏകീകരിക്കുന്നു

[സ്വ. ലേ.] തിരുവനന്തപുരം ജനു. 25

അഖിലേന്ത്യാ നിലവാരത്തിൽ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ അംഗീകരിച്ചിട്ടുള്ള നിലവാരത്തിൽ പ്രൈവറ്റ് കോളേജ് അദ്ധ്യാപകരുടെ ശമ്പളസ്കെയിൽ ഏകീകരിക്കുവാൻ ഗവണ്മെണ്ടു് തീരുമാനിച്ചിരിക്കുന്നു.

ഇന്നു രാവിലെ, 'താൻ ഗവണ്മെണ്ടിന്റെ നിലയിൽ തിരുവനന്തപുരത്തുവെച്ചു് നടത്തുന്ന അവസാനത്തെ പത്രസമ്മേളനം' എന്നു് ഗവണ്മെണ്ടർ ഗിരിതന്നെ വിശേഷിപ്പിച്ച ഒരു സുപ്രധാന പത്രസമ്മേളനത്തിലാണു് ഈ പ്രഖ്യാപനം ചെയ്തതു്.

യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനും ഗവണ്മെണ്ടും തമ്മിൽ നടന്ന കത്തിടപാടുകളുടെ അടിസ്ഥാനത്തിലാണു് ഈ തീരുമാനം കൈക്കൊണ്ടിട്ടുള്ളതു്. ചുരുക്കത്തിൽ പറഞ്ഞാൽ ഈ തീരുമാനപ്രകാരം പ്രൈവറ്റ് കോളേജ് അദ്ധ്യാപകരുടെ ശമ്പളത്തിൽ ചില തീരുമാനങ്ങൾ എടുക്കേണ്ടതായിട്ടുണ്ടു്. ഇന്ത്യയിലെ ഇതര യൂണിവേഴ്സിറ്റി കീഴിലുള്ള പ്രൈവറ്റ് കോളേജ് അദ്ധ്യാപകരുടെ ശമ്പളത്തെക്കാൾ കുറവായിരിക്കുന്ന പ്രൈവറ്റ് കോളേജ് അദ്ധ്യാപകരുടെ ശമ്പളം ഇപ്പോൾ നിലവിലുള്ള ഇവിടെയും ബാധകമാക്കുന്നതിനു് ഗവർമ്മെണ്ടു് തീരുമാനിച്ചിരിക്കുന്നു എന്നും അതനുസരിച്ചു് ഗ്രാന്റ് ഇൻ-എയ്ഡ്-കോഡു് പരിഷ്കരിക്കുന്നതാണെന്നും.

യൂണിവേഴ്സിറ്റിയേയും പ്രൈവറ്റ് കോളേജ് മാനേജ്മെന്റിനേയും ഈ തീരുമാനം നടപ്പിലാക്കൽ ഗവർമ്മെണ്ടിന്റെ ഈ തീരുമാനം നടപ്പിലാക്കൽ എന്നും ഗവണ്മെണ്ടു് പറഞ്ഞു.

പ്രശ്നങ്ങളെ ധീരമായി നേരിടണം

റിപ്പബ്ലിക്കുദിനത്തിൽ രാഷ്ട്രപതിയുടെ ആഹ്വാനം

[പി ടി ഐ] ന്യൂഡൽഹി, ജനുവരി 25

രാജ്യത്തെ ഇന്നു് അഭിമുഖീകരിക്കുന്നസങ്കീർണ്ണപ്രശ്നങ്ങളെപ്പറ്റി അവധാനപൂർവ്വം ചിന്തിക്കുവാനും, അവയെ പരിഹരിക്കുന്നതിനു് നിസ്സീമായകൃപ്പും, ധീരവുമായ നടപടികളും കൈക്കൊള്ളുവാനും രാഷ്ട്രപതി രാധാകൃഷ്ണൻ ഇന്നു് ആഹ്വാനംചെയ്തു.

റിപ്പബ്ലിക്കുദിനത്തോടനുബന്ധിച്ചു് രാഷ്ട്രത്തോടുചെയ്ത പ്രക്ഷേപണപ്രസംഗത്തിൽ ജനതയുടെ കരുത്തുറ്റപ്രകടനം കാഠിന്യമേറിയതെന്നും, അവർ തെരഞ്ഞെടുത്ത നേതാക്കൾ തങ്ങളുടെ വിവേകത്തോടെ നന്നായി നയിക്കുവാനാണു് ആഗ്രഹിക്കുന്നതെന്നും പ്രസിഡണ്ടു് ചൂണ്ടിക്കാട്ടി.

അദ്ദേഹം തുടർന്നു:

പ്രശ്നങ്ങളെ മുഴിച്ചുനിന്നിക്കൊണ്ടും, മുഖ്യമീകരിച്ചുകൊണ്ടും, നമ്മുടെ ദേശീയ സമ്പത്തിനെയും ഉപയോഗപ്പെടുത്തുവാൻ കഴിവുള്ളവരാക്കുവാൻ അടിയന്തിരമായി നടപടിയെടുക്കുവാൻ നാം ബാധ്യസ്ഥരാണു്. അതിനുവേണ്ടിയുള്ള ശ്രമങ്ങൾക്കു് ഏതിരായി നിൽക്കുന്നവരെ നാം ഒരുമിച്ചു് എതിർക്കുകയും വേണം. എല്ലാവിധത്തിലുമുള്ള ഭീഷണികളെയും നേരിടുവാൻ നമുക്കു് കഴിഞ്ഞിട്ടുണ്ടു്. ഇനിയും നമുക്കു് തരണം ചെയ്യേണ്ട പാത അതിദുഷ്കരമായിട്ടുള്ളതാണു്. അതിനു വേണ്ടി നമുക്കു് തയ്യാറെടുക്കാം. കഠിനമായി പ്രയത്നിച്ചു് മുന്നോട്ടു പോകാം. അങ്ങിനെ ജനലക്ഷങ്ങളുടെ ക്ഷേമ-ഐശ്വര്യങ്ങളായിരിക്കട്ടെ നമ്മുടെ പരമലക്ഷ്യം.

ആധുനിക യുദ്ധമാർഗ്ഗങ്ങൾ ഉണ്മണെന്നു് മന്ത്രി ചവാൻ

(പി ടി ഐ) ന്യൂഡൽഹി ജനു: 24

രാജ്യത്തിന്റെ പ്രതിരോധത്തിലും സമ്പത്തികവികസനത്തിലും ശാസ്ത്രജ്ഞന്മാർക്കും എൻജിനീയർമാർക്കും പരമപ്രധാനമായ ഒരു പങ്കുണ്ടെന്നു് പ്രതിരോധമന്ത്രി ശ്രീ. വൈ. ബി. ചവാൻ ഇന്നിവിടെവച്ചു് പ്രസ്താവിച്ചിരിക്കുന്നു.

ആധുനിക യുദ്ധമുറകളുടെ സങ്കീർണ്ണമായ ഒന്നാണു്. ശാസ്ത്രത്തിനും സാങ്കേതികവിജ്ഞാനത്തിനും ഇതിൽ ഹേതായ പങ്കു് വഹിക്കാനുണ്ടു്. അഗാധവും അഖിലാസിതവുമായ അറിവിനുപ്രദേശങ്ങളിലെ എൻജിനീയർമാർക്കു് ശരിയായ ശാസ്ത്രീയോപകരണങ്ങളും ലഭ്യമാക്കണം. യുദ്ധത്തിന്റെ രണ്ടിലും ശത്രുക്കളെ നേരിടാൻ നമ്മുടെ എല്ലാ ശക്തികളും വിവേചിച്ചു് സജ്ജീകരിക്കപ്പെടണം.





ഭാരതത്തിന്റെ ചരിത്രത്തിൽ അവിസ്മരണീയമായ ഒരു ദിനമാണിന്നു്. ഒരു യുവ ജനായത്തഭരണരാജ്യം എന്ന നിലയിലു് കഴിഞ്ഞ കൊല്ലങ്ങളിലുണ്ടായിട്ടുള്ള നമ്മുടെ നേട്ടങ്ങളെ നാം അഭിമാനപൂർവ്വം സ്മരിക്കേണ്ടതുണ്ടു്. ഇനിയും നമുക്കു് തരണം ചെയ്യേണ്ട പാത അതിദുഷ്കരമായിട്ടുള്ളതാണു്. അതിനു വേണ്ടി നമുക്കു് തയ്യാറെടുക്കാം. കഠിനമായി പ്രയത്നിച്ചു് മുന്നോട്ടു പോകാം. അങ്ങിനെ ജനലക്ഷങ്ങളുടെ ക്ഷേമ-ഐശ്വര്യങ്ങളായിരിക്കട്ടെ നമ്മുടെ പരമലക്ഷ്യം.

JAMES & FREDERIC

SANITARY ENGINEERS and CONTRACTORS

P. B. No. 70. High Road, TRICHUR.

Phone: 858 Resi: 1330 Grams: ROSEMARIE



Dealers in all sanitary wares, pipe fittings, marble slabs, trafford sheets A C pipes, and fittings, stone-ware products etc. Our prices always competitive. Sole Distributors for Kerala 'Poly Brand' Polythene pipes. Authorised dealers for PARRY-EID products, stockist for Voltas Ltd. 'REMCO' Water meters etc.

For Everything House-hold

Please Visit Our Show room

WE ARE ALWAYS AT YOUR SERVICE

Available

Volram Electric Domestic Pump set 1·4 H P. Single Phase

പ്രതിജ്ഞ പുതുക്കുക.

ഭാരതത്തിന്റെ പതിനഞ്ചാം റിപ്പബ്ലിക്ക് വാർഷികം ആഘോഷിക്കുന്ന ഈ സുദിനത്തിൽ നമ്മുടെ മഹത്തായ രാഷ്ട്രത്തിന്റെ സ്വാതന്ത്ര്യവും, ഭദ്രതയും സംരക്ഷിക്കുന്നതിനു് സർവ്വസ്വവും, സമർപ്പിക്കുമെന്ന പ്രതിജ്ഞ നമുക്കു് പുതുക്കാം

ഫേഷൻ ഫേബ്രിക്സ്

തൃശ്ശൂർ.

എല്ലാവർക്കും ഞങ്ങളുടെ റിപ്പബ്ലിക്ക് ദിനാശംസകൾ

ആപ്പിൾ ഫോട്ടോ ബ്ലീച്ചുകൾ

ഏതു കാലാവസ്ഥയിലും ഏതു തരക്കാർക്കും ഉപയോഗിക്കാൻ പാകിയ ബ്ലീച്ചുകളാണു് ആപ്പിൾ ഫോട്ടോമാക്കു് ബ്ലീച്ചുകൾ

നിരന്തരമുള്ള ഞങ്ങളുടെ പ്രവർത്തനത്തിന്റെ ഫലമാണു് ആപ്പിൾ ഫോട്ടോ ബ്ലീച്ചുകൾ ലക്ഷക്കണക്കിനു് വീടുകളിൽ നിത്യവും ഉപയോഗിക്കുന്നു. നിങ്ങളും ഉപയോഗിക്കുക.

നിർമ്മാതാക്കൾ:- M/S ആപ്പിൾ ഫോട്ടോ കമ്പനി,

ആലത്തൂർ, പാലക്കാട് ജില്ല, കേരള.

PHONE No. 6 P. B. No. 13

അറിയിപ്പ്

റിപ്പബ്ലിക് ദിനം പ്രമാണിച്ചു് പ്രസ്സിനു് മുടക്കമാകയാൽ 27-1-65 ബുധനാഴ്ച തൊഴിലാളി പ്രസിദ്ധീകരിക്കുന്നതല്ല.

മാനേജർ, "തൊഴിലാളി."

Panama 20 CIGARETTES

ഗോൾഡൻ ടുബാക്കോ കമ്പനി പ്രൈവറ്റ് ലി., ബോംബെ-56.

ഇന്ത്യൻ വ്യവസായത്തിൽ ഭാരതത്തിലെ ഏറ്റവും പഴക്കമുള്ള വിദേശീയസ്ഥാപനം.

GT. (Sp.) 22 ML Greens' Advtg.

തൊഴിലാളി

പ്രസിദ്ധീകരണം 90
ലേഖനങ്ങൾ 125
പത്രാധിപരുടെ വക്കുകൾ 455

1965 ജനുവരി 26 പുറം 2

റിപ്പബ്ലിക്ക് ദിനം

....o....

ഇന്നു ഒരു ജനാധിപത്യറിപ്പബ്ലിക്കായിത്തീർന്ന പരിവർത്തനമാണ് വാഷിക്കമാണ് നാമിന്നാഘോഷിക്കുന്നത്. ഏഴരയുറ്റാണ്ടുകൾക്കു മുമ്പ് ഇന്ത്യയുടെ ഭരണഘടനയായ ഇന്ത്യൻ ഭരണഘടനയുടെ ഉൽഘാടനത്തിനു തിരശ്ശീല ഉയരുന്നതിനു മുമ്പുള്ള ഒരു ദിവസം കഴിഞ്ഞു. ഇന്ത്യയെപ്പോലെ വിശാലവും വൈവിധ്യപൂർണ്ണവുമായ ഒരു രാജ്യത്തിന് ഒരു ഭരണഘടന ആവശ്യമാണോ എന്നു പോലും ചിന്തിക്കുന്നവരുണ്ടായിരുന്നു. ഇന്ത്യയുടെ ഭൂതകാലത്തിൽ ഒരിക്കലും ഒരു ഭരണഘടനയുണ്ടായിട്ടില്ലെന്നും ഇന്ത്യയുടെ ഭാവിയിൽ ഒരു ഭരണഘടനയുടെ ആവശ്യമുണ്ടാകുമെന്നും അവർ വാദിച്ചു. ഇന്ത്യയുടെ ഭൂതകാലത്തിൽ ഒരു ഭരണഘടനയുണ്ടായിട്ടില്ലെന്നുള്ളതു ശരിയാണ്. പക്ഷേ ഭാവിയിൽ ഒരു ഭരണഘടനയുടെ ആവശ്യമുണ്ടാകുമെന്നുള്ള വാദം ശരിയല്ല. ഭൂതകാലത്തിൽ ഒരു ഭരണഘടനയുണ്ടായിട്ടില്ലെന്നുള്ളതുകൊണ്ട് ഭാവിയിൽ ഒരു ഭരണഘടനയുടെ ആവശ്യമുണ്ടാകുമെന്നുള്ളതു നിഷേധിക്കുന്നതു

കൊടുങ്ങല്ലൂർ 1965 ജനുവരി 26 പേജ് രണ്ട്

ചൈനാപക്ഷപാതികളെ വിട്ടയക്കില്ല

അവരെ വലിച്ചെറിയുന്നതിനുള്ള ദേശാഭിമാനം കേരളീയർക്കുണ്ടെന്ന് നന്ദ

(പി ടി ഐ) തിരുവനന്തപുരം, ജനു. 24

രാജ്യരക്ഷാ നിയമമനുസരിച്ച് തടങ്കളിൽവെച്ചിട്ടുള്ള ചൈനാ പക്ഷപാതികളായ കമ്മ്യൂണിസ്റ്റുകാരെ തെരഞ്ഞെടുപ്പുപ്രചരണത്തിൽ പങ്കുകൊള്ളുന്നതിനു വിട്ടയക്കുകയില്ലെന്നു കേന്ദ്ര ആഭ്യന്തരമന്ത്രി ഗുൽസാരിലാൽ നന്ദ ഇന്നിവിടെ ഒരു പത്രസമ്മേളനത്തിൽ പ്രസ്താവിച്ചു

ചൈനീസനുകൂല കമ്മ്യൂണിസ്റ്റുകാരെ പരോളിൽ വിടുന്ന പ്രശ്നമില്ലെന്നും അദ്ദേഹം വ്യക്തമാക്കി.

ഇതു രാജ്യത്തു് ഇപ്പോൾ പക്ഷപാതമായ ഒരു കാര്യമാണെന്നു് അദ്ദേഹം പറഞ്ഞു. കേരളത്തിലെ ജനങ്ങൾ ദേശാഭിമാനികളും, ജനാധിപത്യത്തിൽ വിശ്വാസമുള്ളവരും, ബുദ്ധിമാന്മാരുമാണു്. ജയിലേക്കയച്ചിട്ടുള്ളവർക്കു് അവർ പിൻതുണ നൽകുകയില്ലെന്നാണു് കരുതേണ്ടതു്.

ചില ചീനാ പക്ഷപാതികളായ കമ്മ്യൂണിസ്റ്റുകാരെ തെരഞ്ഞെടുപ്പിൽ ജയിക്കുകയും, അവരിൽ ചിലർ മന്ത്രിമാരാകുകയും ചെയ്തുകയാണെങ്കിൽ പിന്നെ എന്തായിരിക്കും സംഭവിക്കുകയെന്നു ചോദ്യത്തിനു്, ആ പ്രശ്നം തങ്ങാം കേരള ജനതയ്ക്കു് വിട്ടുകൊടുക്കണമെന്നും, തങ്ങളുടെ കടമ നിർവ്വഹിക്കേണ്ടതു് അവരാണെന്നും നന്ദ വ്യക്തമാക്കി.

പ്രശ്നം കമ്മ്യൂണിസമല്ല

ഇപ്പോഴത്തെ ശക്തിസംഭരിച്ചുകൊണ്ടിരിക്കുന്ന നമ്പൂതിരിപ്പാടിനെ എന്തുകൊണ്ടാണു് വിട്ടിരിക്കുന്നതെന്ന ചോദ്യത്തിനു്, നമ്പൂതിരിപ്പാടു് മറ്റൊരു ഗണത്തിൽപ്പെട്ട ആളാണെന്നാണു് ഗവൺമെണ്ടിന്റെ അഭിപ്രായമെന്നു് പറഞ്ഞു. ഇതു് തങ്ങളുടെ തെറ്റിദ്ധാരണയായിരിക്കാം: നമ്പൂതിരിപ്പാടിനെ പുറത്തു് വിട്ടിട്ടുള്ളതിൽ തങ്ങൾക്കു് തൃപ്തി പറയുന്നില്ലെന്നാണു് മനസ്സിലാക്കേണ്ടതു്. ഇതു് ഗവൺമെണ്ടിനെ സംബന്ധിച്ചിടത്തോളം പ്രശ്നം കമ്മ്യൂണിസമല്ല. പക്ഷേ ഒരു കമ്മ്യൂണിസ്റ്റു് ചൈനീസ് അനുകൂലിയോ, ഇന്ത്യ അനുകൂലിയോ എന്നതാണു്. ചൈന ആക്രമിയാണെന്നും ഇന്ത്യയെ ചൈന ആക്രമിച്ചുവെന്നും നമ്പൂതിരിപ്പാടു് കരുതുന്നോ, രാജ്യദ്രോഹവ്യക്തമായി പറഞ്ഞിട്ടുണ്ടു് അന്നതു് പറഞ്ഞതു് ഓർമ്മക്കുറവുകൊണ്ടാണെന്നു് അദ്ദേഹം കരുതുന്നുണ്ടെങ്കിൽ നിലപാടു് വ്യക്തമാക്കുവാൻ ഇനിയും അവസരമുണ്ടു്.

ചോദ്യം:— ചൈനീസനുകൂല കമ്മ്യൂണിസ്റ്റുകാരുടെ പ്രവർത്തനങ്ങളെ തടയുന്നതിൽ ഗവർമ്മെണ്ടു് എത്രത്തോളം വിജയിച്ചിട്ടുണ്ടു് ?

ഉത്തരം:— ദേശീയ വിരുദ്ധ പ്രവണതകളെ പ്രകടനത്തെ തടയുന്നതിനും അതിനെ ഭംഗിയായി നേരിടുന്നതിനും സാധിച്ചിട്ടുണ്ടു്.

ചോദ്യം: ചൈനീസ് പക്ഷപാതികളുടെ നിന്നു് 20 കോടി രൂപയ്ക്ക പിടിച്ചെടുത്തുവെന്നു് പറയുന്നതു് ശരിയാണോ ?

ഉത്തരം:— ആ ചൈനാ ബാങ്കു് സാധാരണ ബിസിനസ്സല്ല നടത്തിയിരുന്നതു്.

ചോദ്യം:— ഇപ്പോൾ എടുത്തിട്ടുള്ള നടപടികൾക്കു് മാറ്റം പ്രതീക്ഷിക്കുന്നുണ്ടോ?

ഉത്തരം:— ഈ കാര്യത്തെ സംബന്ധിച്ചു് തന്നെ കണ്ടവരാരും എതിർപ്പു് പ്രകടിപ്പിക്കുകയുണ്ടായില്ല. നേരെമറിച്ചു് സ്വീകരിച്ച നടപടികളെ എടുക്കേതിരുന്നതിനു് അവർ എന്നെ കഠോപ്പെടുത്തുകയാണു് ചെയ്തതു്.

ചോദ്യം:— ഇടതുപക്ഷ കമ്മ്യൂണിസ്റ്റു്-മുസ്ലീംലീഗു് സഖ്യം പിണങ്ങി-പിരിഞ്ഞിഗവർണ്മെണ്ടിനെ ഒരു ഇടച്ചുവരുണ്ടോ?

ഉത്തരം:— ഇത്തരത്തിലുള്ള സഖ്യങ്ങൾ വിഷത്തുള്ളിപോലെയാണു്. ഒരു തുള്ളി വിഷം ഒരു കപ്പു് വെള്ളത്തിൽ വീണാലും അതു് വിഷംതന്നെയായിരിക്കുമല്ലോ. ഇത്തരത്തിലുള്ള സഖ്യത്തിനെ അങ്ങനെയാണെന്നു് ഞങ്ങൾ മനസ്സിലാക്കിയിരിക്കുകയില്ല. ഇടതുപക്ഷ കമ്മ്യൂണിസ്റ്റുകളുടെ അഭിപ്രായത്തിനുശേഷം എന്നെ പ്രക്ഷോപണപ്രസംഗത്തിനെ അന്തസത്ത ഈ രാജ്യത്തെ അനേകം മുസ്ലീംജനങ്ങളുടെ താൽപ്പര്യത്തിനെതിരെ വെളിപ്പെടുത്തിയതിനെ വെളിപ്പെടുത്തിയതിനാൽ അവർ മനസ്സിലാക്കേണ്ടതാണെന്നു് ഞാൻ ആഗ്രഹിക്കുന്നു.

ഇന്ത്യക്കു് ചോളണ്ടിന്റെ പത്തിരട്ടിക്കോടി

(പി ടി ഐ) ന്യൂഡൽഹി ജനു 25

ഇന്ത്യയിലെ ജലവൈദ്യുതപദ്ധതികൾക്കായി പോളണ്ടു് ഇന്ത്യക്കു് പത്തിരട്ടി കോടി ഉറപ്പിക്കുകയുണ്ടായെന്നു് ഇന്നു് ലോക്സഭയിൽ വെളിപ്പെടുത്തിയിരിക്കുന്നു. 125 മെഗാവാട്ട് സിന്റെ രണ്ടു ജനറേറ്ററിനു് യൂണിറ്റുകളും അതിനാവശ്യമായ ഉപകരണങ്ങളും വാങ്ങുന്നതിനു് ഇതു പണം ചിലവഴിക്കും.

വിദ്യാർത്ഥി പ്രകടനത്തിനുനേരെ കണ്ണീർവാതകം

(പി ടി ഐ) മധുര ജനു. 25

വടക്കൻമാസി തെരുവിൽ നടന്ന ഒരു വിദ്യാർത്ഥി പ്രകടനത്തിനുനേരെ പോലീസ് കണ്ണീർവാതകം പ്രയോഗിച്ചു.

മധുര ഡി സി സി യുടെ ഒരു ജീപ്പിനു് തീവെച്ച അതു് നിശ്ശേഷം കത്തി നശിച്ചു. നാളത്തെ റിപ്പബ്ലിക്ക് ദിനാഘോഷത്തിനു് മുടക്കിയിരുന്ന ഒരു പന്തലിനും തീവെച്ചു. പന്തലിനോടൊപ്പം അതിനടുത്തു വെച്ചിരുന്ന മൂന്നു് സൈക്കിളും കത്തിനശിച്ചു.

നന്ദ മടങ്ങി

(പി ടി ഐ) തിരു: ജനു. 25

കേന്ദ്ര ആഭ്യന്തരമന്ത്രി ഗുൽസാരിലാൽ നന്ദ രണ്ടു ദിവസത്തെ സന്ദർശനത്തിനുശേഷം ഇന്നിവിടെയിന്നു് വിമാനമാർഗ്ഗം ഡൽഹിയിലേക്കു് തിരിച്ചുപോയി

ശങ്കറും പാട്ടും മുൻ മന്ത്രിമാരും കോൺ. ടിക്കറ്റിനു വശ്യപ്പെട്ടു

(പി ടി ഐ) തിരു. ജനു 25

അടുത്തുവരുന്ന കേരള തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനു് കോൺഗ്രസ് ടിക്കറ്റിനുവേണ്ടി ഏകദേശം 400 സ്ഥാനാർത്ഥികളും അവശ്യപ്പെട്ടിട്ടുണ്ടെന്നു് കോൺഗ്രസ് വൃത്തങ്ങളും പ്രസ്താവിച്ചിരിക്കുന്നു.

മുൻ. ശങ്കറും മുൻ മന്ത്രിമാരിൽ പലരും ഇവരിലുൾപ്പെടുന്നു.

സ്ഥാനാർത്ഥി ലിസ്റ്റിനു് അവസാനരൂപം നൽകുവാൻ കോൺ: കേന്ദ്ര പാർലിമെന്ററി ബോർഡു് ജനുവരി 28-നു് തിരുവനന്തപുരത്തു സമ്മേളിക്കുന്നതാണു്. കെ മാധവജിനു പുറമെ എസ്. കെ. പാട്ടീലും ജഗജീവൻറാമും ഈ യോഗത്തിൽ പങ്കെടുക്കുമെന്നാണു് പ്രതീക്ഷിക്കപ്പെടുന്നതു്.

പ്രദേശ് കോൺ: കമ്മറ്റിയുടെ ഒരു പ്രതിനിധിയോഗം ഇന്നിവിടെ ആരംഭിച്ചിട്ടുണ്ടു്.

....o....

ഹൈസ്കൂൾ വാർഷികം

(സ്പെഷൽ) മന്ദക്കര ജനു. 25

ഡിസം. 14-നു് മന്ദക്കര ഹൈസ്കൂളിന്റെ വാർഷികോത്സവത്തോടനുബന്ധിച്ചു് സംഘടിപ്പിക്കപ്പെടുന്ന മഹാത്മാഗാന്ധി കോളേജ് പ്രിൻസിപ്പാൾ ശ്രീ എം പി മന്മഥൻ സംബന്ധിക്കുന്നതാണെന്നറിയുന്നു.

....

കെ. സി. റപ്പായി റിട്ടയർ ചെയ്തു

പുത്തൻപീടിക ജനു. 24

അനേകം വർഷക്കാലത്തെ പ്രശസ്തവും കഠിനവുമായ പ്രയത്നത്താൽ പുത്തൻപീടിക ബാങ്കു് ലിമിറ്റഡിനെ പ്രശസ്തിയിലും സമ്പത്തികഭദ്രതയിലും മികച്ച സ്ഥാപനമാക്കി വളർത്തിയെടുത്തശേഷം അതിന്റെ സ്ഥാപകാംഗവും മാനേജരുമായ ശ്രീ കന്നംകുളത്തു് മുഹമ്മദ്



റപ്പായി (കെ സി റപ്പായി) ഉദ്യോഗത്തിൽനിന്നും ഇന്നലെ റിട്ടയർ ചെയ്തിരിക്കുന്നു. ബാങ്കിംഗ് വ്യവസായത്തിൽ 37 കൊല്ലത്തെ ശ്രീ റപ്പായിയുടെ സേവനം ഏറ്റവുമധികം പ്രയോജനപ്രദമായിത്തീർന്നതു് പ്രദേശത്തെ സാധാരണക്കാരും ഇടത്തരക്കാരുമായ ജനങ്ങൾക്കു് കരുക്കലും വിസ്മരിക്കുവാനാവില്ല.

1927-ൽ കണ്ടെത്തിയ ബാങ്കു് മാനേജരായാണു് ശ്രീ റപ്പായി ബാങ്കിംഗ് വ്യവസായരംഗത്തു് പ്രവേശിച്ചതു്. പിന്നീടു് ബാങ്കിംഗ് പ്രവർത്തനം കൂടുതൽ വികസിച്ചുനിലയിൽ നടത്തുന്നതിനും പണമിടപാടുകാക്കു് കൂടുതൽ സുരക്ഷിതത്വം വാഗ്ദാനം ചെയ്യുന്നതിനുമായി പ്രസ്തുത ബാങ്കു് അസോസിപ്പിച്ചു് ഒരു പബ്ലിക് ലിമിറ്റഡ് സ്ഥാപനമായി പുത്തൻപീടിക ബാങ്കു്, ശ്രീ റപ്പായിയുടെ കഠിനപരിശ്രമം കേന്ദ്രീകരിച്ചു് 5 മാസങ്ങൾക്കുമുമ്പു് ബാങ്കിന്റെ ആസ്തിബാധ്യതകളും കേന്തലിക്കു് സിറിയൻ ബാങ്കിനെ ഏൽപ്പിക്കുന്നതുവരെ ബാങ്കിനെയായിട്ടുള്ള അസൂയാവഹമായ പുരോഗതിക്കു് തികച്ചും കാരണക്കാരൻ ശ്രീ റപ്പായി ആയിരുന്നു വന്നതു എടുത്തുപറയേണ്ടതാണു്.

ഒരു സാധാരണ ഓഫീസർ എന്ന നിലയിൽ നിന്നുകൊണ്ടു് സുദീർഘമായ ശ്രീ റപ്പായി തന്റെ ഴുവൻ സമയവും ആ രംഗത്തു വിനിയോഗിക്കുന്നതിനാണു് തീരുമാനിച്ചിട്ടുള്ളതു് ഇതനുസരിച്ചു് അദ്ദേഹം സ്ഥലത്തു് ഒരു ഹാർഡ്വെയർ സ്റ്റോഴ്സ് തുടങ്ങിട്ടുണ്ടു്. ബാങ്കിംഗ് വ്യവസായത്തിലെ തന്റെ കഴിവു് നാടിന്റെ നന്മക്കായി ഉപയോഗിക്കുന്നതിനും സാധുകൃത്യമല്ല. അദ്ദേഹത്തിനു് 57-വയസ്സു പ്രായമുണ്ടു്.

—o—

ഹിന്ദിക്കെതിരായി വിദ്യാർത്ഥികളുടെ പ്രകടനം

പി ടി ഐ മദ്രാസ് ജ. 25

ഹിന്ദി ഔദ്യോഗികഭാഷയാക്കുന്നതിനെതിരായി മദ്രാസ് നഗരത്തിലെ കോളേജ് വിദ്യാർത്ഥികളും ഇന്നലെ പ്രകടനം നടത്തി. അവർ ഇന്നു് പഠിപ്പുമുടക്കുകയും ഘോഷയാത്രകളും നടത്തുകയും ചെയ്തു. സിക്രട്ടറിയേറ്റിലേക്കു് മാർച്ചു ചെയ്യുന്നതിനു് മുമ്പായി അവർ നേപ്പിയർപാക്കിൽകൂടി. റിപ്പബ്ലിക്ക് ദിനത്തിൽ ഇത്തരം പ്രകടനങ്ങളും അനുവദിക്കുകയില്ലെന്നുള്ള ഗവണ്മെണ്ടിന്റെ തീരുമാനത്തോടനുബന്ധമാണു് അവർ ഇന്നു് പ്രകടനംനടത്തിയതു്.

—

Printed and Published by Pau Valappila for the A. C. P. Institute at the Thozhilali Press, Trichur

അജയ്യനായ ചരിത്രപുരുഷൻ

ചർച്ചിലിനു് ലോകത്തിന്റെ ആദരാഞ്ജലി

(റോയിട്ടർ) വാഷിംഗ്ടൺ, ജനുവരി 25

ലോകം അന്ധകാരത്തിൽ മുഴുകുകയും, മനുഷ്യഹൃദയങ്ങളിൽ ആശ മങ്ങുകയും ചെയ്ത സന്ദർഭത്തിൽ ധൈര്യപൂർവ്വം നയിച്ചുകൊണ്ടു് വിൻസ്റ്റൺ ചർച്ചിലിനെ [തന്നെവെന്നു്) ചർച്ചിലിന്റെ നിര്യാണത്തിൽ പ്രസിഡണ്ടു് ജോൺസൺ പുറപ്പെടുവിച്ച ഒരു സന്ദേശത്തിൽ പറയുന്നു.

ആപത്തിൽ മനുഷ്യരാശിയെ നേരിട്ടു വിപത്തിനെപ്പറ്റി അതിനെതകത്തു് വിജയം നേടിയവരപ്പറ്റി എങ്ങുകാലം മനുഷ്യൻ പാഞ്ഞുകൊണ്ടിരിക്കുമോ അങ്ങുകാലം ചർച്ചിലിന്റെ നാമധേയം ജീവിക്കും. ചർച്ചിലിന്റെ ആത്മാവിനു് നിത്യശാന്തി കിട്ടുവാനും അദ്ദേഹത്തിന്റെ കുടുംബത്തിനു് ആശ്വാസമേകുവാനും ബ്രിട്ടീഷ്കാരോടൊപ്പം അമേരിക്കക്കാരും പ്രാർത്ഥിക്കും. ചർച്ചിൽ ചരിത്രത്തിന്റെ സന്തതനമാണു്. അദ്ദേഹത്തിന്റെ വാക്കുകൊണ്ടും പ്രവർത്തികൊണ്ടും മരണമുണ്ടായിട്ടില്ല.

ട്രൂമാൻ

ചർച്ചിലിന്റെ അപ്രതിരോധ്യമായ വൈതന രണ്ടാംലോകയുദ്ധത്തിൽ അന്ധകാരത്തിന്റെ ശക്തികളെ പരാജയപ്പെടുത്തുന്നതിൽ നിർണ്ണായകമായിരുന്നുവെന്നു് മുൻ അമേരിക്കൻ പ്രസിഡണ്ടു് ട്രൂമൻ പ്രസ്താവിച്ചു. 1945-ലെ യാൽട്ടാസ് ഡാം സമ്മേളനത്തിൽവെച്ചാണു് ട്രൂമൻ ചർച്ചിലിനെ ആദ്യമായി കണ്ടതു്. പ്രസിഡണ്ടു് റൂസ്വെൽട്ടിന്റെ നിർദ്ദേശത്തുടർന്നു് ട്രൂമൻ അന്നു് അമേരിക്കൻ പ്രസിഡണ്ടായി തീർന്നിരുന്നു.

ഡിഗോൾ

ലോകസ്വാതന്ത്ര്യത്തെയും, വിശിഷ്യ ഫ്രഞ്ചു് ജനതയേയും രക്ഷിച്ച വ്യക്തിയെന്നനിലയിൽ ചർച്ചിൽ ഫ്രാൻസിന്റെ സ്മരണയിൽ എന്നെന്നും ഉണ്ടായിരിക്കുമെന്നു് ജനറൽ ഡിഗോൾ എന്നു് അനുശോചനസന്ദേശമയച്ച ഒരു സന്ദേശത്തിൽ പറയുന്നു. ഫ്രഞ്ചുകാർ അനുഭവിച്ച ഈ നൂറ്റാണ്ടിലെ രണ്ടാം ഫ്രാൻസിനു് തിരിച്ചുകൊടുത്തതിനു് മഹത്തായ സേവനങ്ങൾക്കും ചർച്ചിൽചെയ്തിട്ടുണ്ടെന്നു് ഐകകണ്ഠ്യേന പാസ്സാക്കിയ ഒരു പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ ഫ്രഞ്ച് ദേശീയ അസംബ്ലിയുടെ അനുശോചനസന്ദേശത്തിൽ പറയുന്നു.

കോസിജിൻ

നാസിജർമ്മനിക്കെതിരായ യുദ്ധത്തിൽ വിൻസ്റ്റൺ ചർച്ചിൽ നടത്തിയ അവിശ്രമപരിശ്രമങ്ങൾ സോവിയറ്റ് യൂണിയനിൽ സ്മരിക്കപ്പെടുന്നതണെന്നും, ബ്രിട്ടീഷ് ജനതയുടെ സന്താപത്തിൽ സോവിയറ്റ് ജനതയും പങ്കുകൊള്ളുന്നുണ്ടെന്നും സോവിയറ്റ് പ്രധാനമന്ത്രി കോസിജിൻ ബ്രിട്ടീഷ് പ്രധാനമന്ത്രി ഹാരോൾഡ് വിൽസനു് അയച്ച ഒരു സന്ദേശത്തിൽ പറയുന്നു.

ഉതാണ്ട്

ഐക്യരാഷ്ട്രസംഘടനയുടെ സ്ഥാപനത്തിനും ചർച്ചിൽ നൽകിയ സേവനങ്ങൾ ശാശ്വതമായ ഒരു പരിശുദ്ധപുരുഷന്റെ തിരോധാനത്തെയാണു് കാണിക്കുന്നതു്.

ഇന്ദിരാഗാന്ധി

ചർച്ചിലിന്റെ നിര്യാണത്തോടെ ഈ ലോകം ഒരിദ്രമായെന്നു് ഇന്ത്യൻ വാർത്താവിനിക്ഷേപണമന്ത്രി മിസിസ് ഇന്ദിരാഗാന്ധി ലേഡിചർച്ചിലിനു് അയച്ച ഒരു അനുശോചനയോഗത്തിൽ പറയുന്ന വ്യക്തിപ്രഭാവവും, ധീരതയുംകൊണ്ടു് ഒരു കാലഘട്ടത്തെ മുഴുവൻ ചർച്ചിൽ പ്രകാശമാനമാക്കിയെന്നു് സന്ദേശത്തിൽ തുടർന്നു പറയുന്നുണ്ടു്.

— —

പുതുമയുള്ള കഥാപ്രസംഗ പരിപാടികൾക്കു്



യു. പി. ഫിലിപ്പ് & പാർട്ടി

തടിക്കടവു്, P. O.

[via] ചപ്പാരപ്പടവു്, കണ്ണൂർ [Dt]

പിന്നണിയിൽ,

ഹാർമോണിയം:— സി. ആർ ഭാഗവതർ.

മിഡിൽ: ഫിലിപ്പ്. സ്റ്റീഫൻ മെരിലാൻഡു്. ക്ലാർനാറ്റ്:— K. D. തബല:— P. P. രാമു.

നല്ലെണ്ണകളിൽ മികച്ചതു്

ആട്ടുമാർക്കു് നല്ലെണ്ണ

നിർമ്മാതാക്കൾ:—

കമ്മേർസിയൽ ഓഫ്സ്മിൽ

കൊക്കാലെ :: തൃശ്ശൂർ

ഫോൺ ഫാക്ടറി 102 ഡേലിംഗ് സെക്ഷൻ 314

കേരളത്തിലെ

പ്രഥമ "AGMARK" നല്ലെണ്ണ

ഒരു കിലോ ടിന്നുകൾ വില്പനയ്ക്കു് തയ്യാർ

PURE GINGELLY OIL
REGISTERED TRADE MARK



C.A.OUSEPH & V.J.PAUL
WHOLESALE MERCHANTS & MILLOWNERS
TRICHUR

'കതിരമാക്കു' നല്ലെണ്ണ മേലിൽ ഇന്ത്യാഗവണ്മെണ്ടിന്റെ 'Agmark' ലേബൽ ചാടക്കുടി വില്പനചെയ്യുന്നതായിരിക്കും.

ഞങ്ങളുടെ മില്ലിൽ ഉല്പാദിപ്പിക്കുന്ന എണ്ണ ഇന്ത്യാഗവണ്മെണ്ടിന്റെ പ്രത്യേകാനുമതിയോടുകൂടി, അംഗീകൃത സാങ്കേതികവിദഗ്ദ്ധൻ (Govt: of India approved chemist) പരിശോധിച്ച സീൽചെയ്തതിനുശേഷമാണു് വില്പനയ്ക്കു് അയയ്ക്കുന്നതു്.

'കതിരമാക്കു' നല്ലെണ്ണയുടെ എല്ലാ പേക്കിങ്ങുകളിലും ഈ ലേബൽ ഉണ്ടായിരിക്കുന്നതാണു്.

N. B. ഒരു കിലോ തൂക്കമുള്ള ടിന്നുകൾ സാധാരണക്കാരുടെ ആവശ്യാർത്ഥം പുതുതായി ഇറക്കിയിരിക്കുന്നു.

'Agmark' പരിശുദ്ധതയുടെ ചിഹ്നമാണു്

സി. എ. ഔസേപ്പു് & വി. ജെ. പോൾ,

TELEPHONE { Shop 233, Mills 260, Res: 12, Res: 669 } കച്ചവടം, നായരങ്ങാടി, തൃശൂർ

TEL: OUSEPHPAUL

Phone: Office 275, Res 905 Grams: IMPORTERS

K. L. DAVID & JOHN,

MERCHANTS & COMMISSION AGENTS,

(Agents for: M/s SHAW WALLACE & CO. LTD; and M/s A. V. THOMAS & CO. LTD)

Rice Bazar, TRICHUR-1.

(Kerala State)

GREETINGS TO NATION

WE
Renew Our Pledge
To Serve You

THE DHANALAKSHMI BANK LTD;

TRICHUR.

റാണിമാർക്കു് നല്ലെണ്ണ



MERCHANTS & COMMISSION AGENTS, TRICHUR.
Tel:"PROGRESS". Phone: Shop.127, Resi. 427, Mill. 745.
Proprietors: MARY VIJAYAM LORRY SERVICE

നിങ്ങളുടെ സമ്പാദ്യം നാടിന്റെ നന്മക്കായി ഉപയോഗിക്കുക.....

നിങ്ങൾക്കാവശ്യമുള്ള എല്ലാത്തരം ഡ്രസുകൾക്കും സമീപിക്കുക

പോൾ ലാസർ ആട്ടോക്കാരൻ

Phone: 676. Grams: SAMSONS

തൃശൂർ.

15-ാം റിപ്പബ്ലിക് വാർഷികദിനത്തിൽ ഞങ്ങളുടെ ആശംസകൾ

"കാജ ബീഡി"

എന്നും ഒരേ സ്വാദിലും കെട്ടുപ്പിലും ലഭിക്കുന്ന
— ഏക ബീഡി —

കാജ കമ്പനി
ചാവക്കാടു്.

തൊഴിലാളി

TRICHUR
JANUARY 26, 1965

റിപ്പബ്ലിക്ക് സപ്ലിമെൻറ്

ഇന്ത്യൻ റിപ്പബ്ലിക്കിന്റെ പതിനാറാമത് ജന്മദിനം

ഇന്നു കൊണ്ടാടുന്നു

ഇന്ത്യൻ റിപ്പബ്ലിക്കിന്റെ പതിനാറാമത് ജന്മദിനം ഇന്ന് ഇന്ത്യ ഒട്ടാകെ കൊണ്ടാടുന്നു. കഴിഞ്ഞ പതിനഞ്ച് വർഷങ്ങളിലെ നേട്ടങ്ങളും എന്താണെന്ന് നോക്കിക്കാണുവാനും തെറ്റുകളും തിരുത്തുവാനും കൂടുകൂട്ടി ആരോഗ്യകരമായ കർമ്മപരിപാടികളോടുകൂടി ഇന്ത്യൻ ജനത ഒന്നാകെമുന്നേറുമെന്ന് ഇന്ന് വീണ്ടും ശപഥം ചെയ്യണം. ഐശ്വര്യപൂർണ്ണമായ ഒരു ക്ഷേമരാഷ്ട്രം കെട്ടിപ്പടുക്കുവാൻ നമ്മൾ ഉഷാറായി ശ്രമിക്കണം. കഠിനാദ്ധ്വാനത്തിന്റെ ഭാഷയിൽനിന്നും സ്വരിച്ചുയർത്തിയാലേ ലക്ഷ്യം നേടാനാവൂ. ആത്മസമർപ്പണബോധവും ത്യാഗമനോഭാവവും ജനത എത്രയേറെ കാണിച്ചാലും നേതാക്കന്മാർ കപടനാട്യക്കാരായി ഇനിയുംജീവിക്കുവാൻഭവിക്കുകയാണ് ഭാവമെങ്കിൽ....ഭാരതാംബയേ! ഹാ! നിനക്കു കഷ്ടം.....

—ഫാ ജോസ്—

1947-ൽ നമുക്ക് സ്വാതന്ത്ര്യം കിട്ടിയെങ്കിലും പൂർണ്ണമായ ഭരണഘടന പാസ്സാക്കുകയും ഒരു റിപ്പബ്ലിക്ക് എന്ന നിലയിൽ ഭരണം ആരംഭിക്കുകയും ചെയ്തത് 1950-ൽ മാത്രമാണ്. ജനുവരി 26-നാണ് ഇന്ത്യ ഒരു റിപ്പബ്ലിക്ക് ആണെന്ന് പ്രഖ്യാപിച്ചത്.

ജനുവരി 26-തീയതിതന്നെ തിരഞ്ഞെടുക്കുവാൻ ചില പ്രത്യേക കാരണങ്ങളും ഉണ്ട്. ഇന്ത്യയുടെ സ്വാതന്ത്ര്യസമരചരിത്രത്തിൽപോലും തങ്കലിപികളാൽ രേഖപ്പെടുത്തപ്പെട്ടിട്ടുള്ള സുദിനമാണ് ജനുവരി 26. ഇതിനൊരു പ്രാധാന്യം 1930-മുതലാണാരംഭിച്ചത്. പരിപൂർണ്ണ സ്വാതന്ത്ര്യമാണ് ഇന്ത്യയുടെ ലക്ഷ്യമെന്നും അതിനുവേണ്ടി ജവഹർലാൽനെഹ്രുവിന്റെ നേതൃത്വത്തിൽ ഇന്ത്യൻ ജനത തയ്യാറാണെന്നും ലോകസമക്ഷം വിളംബരംചെയ്യാൻ മഹാത്മാഗാന്ധി തിരഞ്ഞെടുത്ത ദിനം 1930-ലെ ജനുവരി 26 തീയതിയാണ്. 1947-വരെ സ്വാതന്ത്ര്യദിനമായി ജനുവരി 26-ആഘോഷിക്കപ്പെട്ടുപോന്ന അക്കാര്യം സംബന്ധിച്ചും കാങ്കിരസ്സി 1947-ആഗസ്റ്റ് പതിനഞ്ചിന് നമ്മുടെ യഥാർത്ഥ സ്വാതന്ത്ര്യദിനം ആഘോഷിച്ചു. തന്റെ ജനുവരി ഇരുപത്തിയാറിന്റെ പ്രാധാന്യം മാറ്റിവെച്ചതെങ്കിലും രാഷ്ട്രപിതാവായ ഗാന്ധിജി ജനുവരി ഇരുപത്തിയാറ് ഒരു ദേശീയദിനമായി ആചരിക്കണമെന്ന് കൽപ്പിച്ചിരുന്നതായി അക്കാലത്ത് പത്രങ്ങൾ വായിക്കുന്നതിന് അദ്ദേഹം അനുവദിക്കുന്നതിന് നാലുദിവസംമുമ്പ് വിശ്വാസം അക്കാര്യം സൂചിപ്പിച്ചിരുന്നതായി അറിയുന്നു. അദ്ദേഹത്തിന്റെ ആഗ്രഹം കണക്കിലെടുത്തുകൊണ്ടുതന്നെയാണ് ഇന്ത്യയുടെ റിപ്പബ്ലിക്ക്ദിനം ജനുവരി 26-തീയതിയായി നിശ്ചയിച്ചത്.

പാക്കിസ്ഥാൻ

നമ്മളോടൊപ്പം സ്വാതന്ത്ര്യംപ്രാപിച്ച പാക്കിസ്ഥാനിൽ ജനാധിപത്യത്തിന്റെ ശവക്കുഴിയാണ് കൊടിപാറിക്കുന്നത്. അതേസമയം എല്ലുവിധ ഉഗ്രൻ ഉദ്ഘോഷങ്ങളോടെയും സമചിത്തതയോടും ജനാധിപത്യസിദ്ധാന്തങ്ങളുടെ സാരാംശത്തെ ശരിക്കും മുറുകിപ്പിടിച്ചുകൊണ്ടും ഇന്ത്യക്ക് ഭൂതകാലം കഴിഞ്ഞുവന്നതല്ല ഒരു വലിയ നേട്ടമായി ചരിത്രകാരന്മാർ നിശ്ചയമായും എണ്ണും.

കൃഷ്ണ, ചൈന

ഏതാണ്ട് നമ്മോടൊപ്പം പുതിയൊരു ഭരണക്രമം സ്ഥാപിച്ച് ഭരണം നടത്തിയ ചൈന, സമ്പത്തികബന്ധപ്രശ്നങ്ങളിൽ നമ്മളുമായി ഒരു മത്സരാത്മകതന്നെ നടത്തി. മനുഷ്യരെ അടിമകളാപ്പിലാക്കുകയും ചേലചെയ്യിപ്പിക്കുകയും നേതാക്കന്മാർ അളക്കുന്ന പണിക്കുറുകളെ നടപ്പിലാക്കുകയും ചെയ്യുന്ന രാജ്യമാണ് ചൈന. ഇന്ന് ചൈന ഇന്ത്യയുടെ സാമ്പത്തികമായി തുടർന്നുകൊണ്ടിരിക്കുകയാണ്. സമ്പദ്ധിപത്യത്തെ ചൊല്ലിയുള്ള കലഹങ്ങൾക്കിടയിൽ അമേരിക്കയുടെ പ്രസിഡന്റ് ജോൺസൺ പാകിസ്ഥാനുമായി ഒരു ഉടമ്പടിയുണ്ടാക്കുകയും ചെയ്തു. ഇതെല്ലാം ഇന്ത്യയുടെ സാമ്പത്തികനിലയെ ഗുരുതരമായി ബാധിക്കുന്നുണ്ട്. ഇതിനിടയിൽ ഇന്ത്യയുടെ ഉത്തരപൂർവ്വാതിർത്തിയിൽ ചൈന നടത്തിയ അധിനിവേശം ഇന്ത്യയുടെ ഭൂപ്രദേശത്തിന്റെ ഒരു ഭാഗം അപഹരിച്ചെടുക്കുകയും ചെയ്തു.

മലയാളഭാഷയ്ക്കുവേണ്ടി ആജീവനാന്തം പണിപെടുത്ത പാശ്ചാത്യമിഷനറി

മലയാളഭാഷയുടെ അഭിവൃദ്ധിക്കുവേണ്ടി ആജീവനാന്ത കഠിനമായി അദ്ധ്വാനിച്ച ഡോക്ടർ ഹുണ്ടർട്ടിനുവേണ്ടി ഒരു സ്മാരകംപോലും കേരളത്തിൽ ഇന്നേവരെയും ഉയർന്നിട്ടില്ലെന്ന് ചേർത്തോടെ പറയേണ്ടിയിരിക്കുന്നു. എങ്കിലും മലയാളഭാഷ ഉള്ളിടത്തോളം കാലം അദ്ദേഹത്തിന്റെ സ്മരണ നിലനില്ക്കും.

(തോമസ് മാത്യു കൊട്ടാരത്തുംകുഴി)

ഇതര ഭാഷകളെ അപേക്ഷിച്ച് മലയാളത്തിനു പ്രാദേശികഭിന്നതാവിശേഷങ്ങൾ കൂടുതലായ ഒരു കുഴപ്പമുണ്ട്. നിഘണ്ടുക്കളും വ്യാകരണങ്ങളും ഉണ്ടാക്കിയെങ്കിലും ഭാഷയെ വ്യവസ്ഥിതമായ മാർഗ്ഗത്തിൽകൂടി നയിക്കുവാൻ അവർ തുടർച്ചയായി സഹായിച്ചുകാണപ്പെടുന്നു. അവരിൽ അഗ്രഗണ്യനായ ഡോക്ടർ ഹെർമ്മൻ ഗുണ്ടർട്ട് എന്ന ജർമ്മൻകാരൻ. ഇദ്ദേഹം മലയാളഭാഷയെ മാതൃഭാഷയെപ്പോലെ സ്നേഹിക്കുകയും പൂജിക്കുകയും ചെയ്തു. കേരളത്തിനും മലയാളഭാഷയ്ക്കും വേണ്ടി ഇത്രയധികം പ്രവർത്തിച്ചിട്ടുള്ളവരായി കാലം തന്ന വളരെ ചുരുക്കമാണ്.

ജനനം

ഗുണ്ടർട്ട് ജനിച്ചതിയതി 1814 ഫെബ്രുവരി 14–നും ജനിച്ചു. മകനെ ഒരു മിഷനറിയാക്കണമെന്നും മാതാപിതാക്കൾ ആഗ്രഹിച്ചിരുന്നു. എന്നാൽ ഗുണ്ടർട്ടിനു അതു നല്ലതായി തോന്നിയില്ല. അദ്ദേഹം കുമാരനായപ്പോൾ തന്നെ തെറിമാറാൻ തുടങ്ങി 'എനിക്കു വല്ലതും രസമായി തോന്നിയിടത്തോളം മാത്രമേ ഞാൻ വിശ്വസ്തതയും ഒത്സാഹവും കാണിച്ചുള്ളൂ" എന്നു അദ്ദേഹം തുറന്നു പറഞ്ഞിട്ടുണ്ട്. ഒരു യാഥാർത്ഥ്യവാദിയായിരുന്ന ഡോ. ഹുണ്ടർട്ടിനെ എന്നു പണ്ഡിതനാക്കാൻ സതീർത്ഥ്യനായി എന്നാൽ കാലവിളംബമെന്നു ഗുണ്ടർട്ടിന്റെ മനസ്സുതിരിഞ്ഞ ക്രിസ്ത്യാനവേലയിൽ ചേരുവാൻ അദ്ദേഹം തീരുമാനിച്ചു. ഭാരതത്തിൽ മിഷൻ പ്രവർത്തനത്തിനു അദ്ദേഹം ക്ഷണിക്കപ്പെടുകയും ക്ഷണം സന്തോഷത്തോടെ സ്വീകരിക്കുകയും ചെയ്തു. അനന്തരം സ്വിറ്റ്സർലണ്ടിൽ പോയി തത്വശാസ്ത്രത്തിൽ ഡോക്ടർ ബിരുദം സമ്പാദിച്ചു.

മദ്രാസിൽ

1836–ൽ ഡാ. ഗുണ്ടർട്ട് ഇന്ത്യയിലേക്കു കപ്പൽ കയറി. ആ കപ്പലിൽ ഇരുന്നതന്നെ അദ്ദേഹം തെലുങ്കു, ഹിന്ദി, ബംഗാളി മുതലായ ഭാഷകളും പഠിച്ചു. മദ്രാസിൽവന്നതിനുശേഷം 1838 ഒക്ടോബറിൽ അദ്ദേഹം തിരുനെൽവേലിയിൽ താമസിച്ചു. അവിടെവച്ചു തമിഴ് ഭാഷയും കലാശമായ സംസ്കൃതി തിരുനാമം മഹാരാജാവിനെ സന്ദർശിച്ചു. ആ അവസരത്തിലാണ് മലയാളഭാഷ ഇദം പ്രഥമമായി അദ്ദേഹം ശ്രദ്ധിച്ചതു്.

1839–ൽ ഡോ. ഗുണ്ടർട്ടിനെ മേലധികാരികൾ തലശ്ശേരിയിലുള്ള ജില്ലിക്കുന്ന് എന്ന സ്ഥലത്തേക്ക് അയച്ചു. ഗുണ്ടർട്ട് കേരളത്തിൽ വന്നതു് മിഷൻ വേലക്കുവേണ്ടിയും അദ്ദേഹത്തിന്റെ ആഗമനോദ്ദേശ്യം മലയാളഭാഷാനുശീലനവും മലയാളഭാഷയിൽ ഒരു സുവർണ്ണകാലഘട്ടത്തിലേക്കുമാറി ശൈശവദശയിലിരുന്ന മലയാളഭാഷാഭിവൃദ്ധിക്കുവേണ്ടിയും ആയിരുന്നു. ഇതിനുവേണ്ടി ഡോ. ഗുണ്ടർട്ടിന്റെ ആഗമനത്തോടുകൂടി മലയാളഭാഷയുടെ ചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായം ആരംഭിക്കുന്നു. ഗുണ്ടർട്ടിനു മുമ്പുണ്ടായിരുന്ന മലയാളഭാഷാപണ്ഡിതന്മാരിൽ ഏറ്റവും പ്രഗത്ഭനായിരുന്നു ബെഞ്ചമിൻ ബെയ്ലി. അദ്ദേഹത്തിന്റെ ഇംഗ്ലീഷ്–മലയാളം നിഘണ്ടു, മലയാളഭാഷാവ്യാകരണം എന്നിവ മലയാളഭാഷയുടെ ചരിത്രത്തിൽ ഒരു നാഴികക്കല്ലായിരുന്നു. എന്നാൽ ഗുണ്ടർട്ടിനു ഈ ഗ്രന്ഥങ്ങളിൽ പലതിലും പല പോരായ്മകളും തോന്നി. അതിനാൽ അദ്ദേഹം അവയെ പരിഷ്കരിച്ചു പുനഃപ്രസിദ്ധീകരിക്കുകയും ചെയ്തു. ഗുണ്ടർട്ടിനുശേഷം ഈ രംഗത്തു പ്രവർത്തിച്ചവരിൽ പ്രമുഖന്മാർ ഡോ. കാൾവെൽ, ഡോ. ഗുണ്ടർട്ട് എന്നിവരാണ്. ഇവരുടെ ഗ്രന്ഥങ്ങൾ ഇന്നും പ്രമാണഗ്രന്ഥങ്ങളായി നിലകൊള്ളുന്നു.

നിഘണ്ടു

മലയാളഭാഷാപോഷണകാര്യത്തിൽ ഡോ. ഗുണ്ടർട്ട് സതീർത്ഥ്യശ്രേഷ്ഠനായ ബെഞ്ചമിന്റെ ശ്രമം നിഘണ്ടുവിൽ പ്രത്യേകം എടുത്തുകാണിച്ചിട്ടുണ്ട്. ദ്രാവിഡവാക്കുകൾക്ക് ദ്രാവിഡഭാഷയിലുള്ള പ്രത്യേകരൂപങ്ങളും രേഖപ്പെടുത്തിയിരിക്കുന്നു. വാക്കുകൾക്കുമുമ്പുണ്ടായിരുന്ന അക്ഷരവും പ്രയോഗംകൊണ്ട് അവയ്ക്കുണ്ടായ മാറ്റവും ചൂണ്ടിക്കാണിക്കുന്നുണ്ട്. മാതൃകാക്കായി കവിവാക്യംതന്നെ എടുത്തുകാണിക്കുന്നു. പഴഞ്ചൊല്ലുകളിൽനിന്നു ഉദ്ധരിച്ചിട്ടുള്ളതാണെങ്കിൽ അവയ്ക്കു പഴഞ്ചൊല്ലുകൾ മുഴുവനായി ഉദ്ധരിച്ചുകാണുന്നു ഒരു നല്ല ഒരു നിഘണ്ടു ദ്രാവിഡഭാഷയിൽ വേറെ ഉണ്ടായിട്ടില്ലെന്നു പറയുന്നതിൽ വലിയ അതിശയോക്തിയില്ല.

18 ഭാഷകൾ

ഗുണ്ടർട്ട് താൻ വശമാക്കിയിരുന്ന 18 ഭാഷകളിൽ ഏറ്റവും കൂടുതൽ സ്നേഹിച്ചിരുന്നതു് മലയാളഭാഷയാണ്. ഭാഷയുടെ മാതൃ ശൈലിയിലുള്ള അദ്ദേഹത്തിന്റെ സംഭാഷണ വളരെയധികമാണ്. പല നൂതന ശൈലികളും ആരംഭിക്കുകയും ചെയ്തു.

കഥാപുരുഷന്മാർ മലയാള ഭാഷയിൽതന്നെ ആകെ 26 കൃതികളും രചിച്ചിട്ടുണ്ട്. 13 എണ്ണം മതപരമായ കൃതികളാണ്. ഭാഷയിൽ ഒരുപ്രഥമമായി കേരളചരിത്രം ഉണ്ടാക്കിയതു് ഗുണ്ടർട്ടാണ്. 1868–ൽ പ്രസിദ്ധപ്പെടുത്തിയ ആ ഗ്രന്ഥത്തിന്റെ പേരു 'കേരളപ്പഴമ' എന്നാണ്. ഇദ്ദേഹം എഴുതിയ 'സുവിശേഷസംഗ്രഹം' എന്ന കൃതിയാണ് മലയാളത്തിൽ പ്രസിദ്ധീകൃതമായ ആദ്യത്തെ ജീവചരിത്രഗ്രന്ഥം (2, 1849–ൽ ആ കല്ലച്ചിൽ അച്ചടിച്ചു തലശ്ശേരിയിൽനിന്നു പ്രസിദ്ധീകരിച്ചു. 1870ൽ പ്രസിദ്ധപ്പെടുത്തിയ 'മലയാളമനോരമ' എന്ന ഗുണ്ടർട്ടിന്റെ പുസ്തകം മലയാളത്തിലെ ആദ്യത്തെ ആനുകാലിക പ്രസിദ്ധീകരണമാണ്. അതിന്റെ പ്രവർത്തനം ഗുണ്ടർട്ടിനുശേഷം കുറച്ചുകാലം തുടർന്നുപോയി. കഥാനായകന്റെ പ്രവർത്തനം ഗുണ്ടർട്ടിനുശേഷം കുറച്ചുകാലം തുടർന്നുപോയിരുന്നു. അദ്ദേഹം ഉല്ലിക്കുന്നിൽ ഒരു കല്ലച്ചു സ്ഥാപിക്കുകയും ഒരു പൊതുസ്ഥാപനം പ്രസിദ്ധീകരിക്കുകയും ചെയ്തു പല ക്രിസ്ത്യാനഗ്രന്ഥങ്ങൾ അച്ചടിക്കുന്നതിനും ഈ സ്ഥാപനം സഹായിച്ചു.

നിഘണ്ടു

മലയാളഭാഷാപോഷണ കാര്യത്തിൽ ഡോ. ഗുണ്ടർട്ട് സതീർത്ഥ്യശ്രേഷ്ഠനായ ബെഞ്ചമിന്റെ ശ്രമം നിഘണ്ടുവിൽ പ്രത്യേകം എടുത്തുകാണിച്ചിട്ടുണ്ട്. ദ്രാവിഡവാക്കുകൾക്ക് ദ്രാവിഡഭാഷയിലുള്ള പ്രത്യേകരൂപങ്ങളും രേഖപ്പെടുത്തിയിരിക്കുന്നു. വാക്കുകൾക്കുമുമ്പുണ്ടായിരുന്ന അക്ഷരവും പ്രയോഗംകൊണ്ട് അവയ്ക്കുണ്ടായ മാറ്റവും ചൂണ്ടിക്കാണിക്കുന്നുണ്ട്. മാതൃകയ്ക്കായി കവിവാക്യംതന്നെ എടുത്തുകാണിക്കുന്നു. പഴഞ്ചൊല്ലുകളിൽനിന്നു ഉദ്ധരിച്ചിട്ടുള്ളതാണെങ്കിൽ അവയ്ക്കു പഴഞ്ചൊല്ലുകൾ മുഴുവനായി ഉദ്ധരിച്ചുകാണുന്നു ഒരു നല്ല ഒരു നിഘണ്ടു ദ്രാവിഡഭാഷയിൽ വേറെ ഉണ്ടായിട്ടില്ലെന്നു പറയുന്നതിൽ വലിയ അതിശയോക്തിയില്ല.

പത്രപ്രവർത്തനം

മലയാളഭാഷയിൽ ആദ്യമായി പത്രപ്രവർത്തനം തുടങ്ങിയതും ഡോ: ഗുണ്ടർട്ടാണ്. 'രാജ്യസമാചാരം' എന്ന പത്രം 1847 ജൂണിലും 'പശ്ചിമോദയം' 1847 ഒക്ടോബറിലും പ്രസിദ്ധപ്പെടുത്തി.

മലയാളഭാഷയുടെ ചരിത്രത്തിൽ ഗുണ്ടർട്ടിനു ശാശ്വതമുദ്ര പതിപ്പിക്കാൻ സാധിച്ചിട്ടുള്ളതു് മുഖ്യമായും 'മലയാളം–ഇംഗ്ലീഷ് നിഘണ്ടു' 'മലയാളഭാഷാവ്യാകരണം' എന്നീ ഗ്രന്ഥങ്ങൾകൊണ്ടാണ്. മുഖ്യകൃതികളെല്ലാം ജർമ്മനിയിൽവച്ചാണ് അദ്ദേഹം എഴുതിയതു്. കേരളത്തിലെ ഇല്ലിക്കുന്നിൽ 20 കൊല്ലക്കാലം താമസിച്ചിരുന്ന ഡോ: ഗുണ്ടർട്ട് തൻറെ ജീവിതാന്ത്യം ജർമ്മനിയിലെ കാൽവ് എന്ന സ്ഥലത്താണ് കഴിച്ചുകൂട്ടിയതു്. അക്കാലത്തു ജർമ്മൻഭാഷയിൽ കുട്ടികൾക്കുവേണ്ടിയുള്ള ഒരു പത്രമോ മറ്റൊരു നാലണ ആനുകാലിക പ്രസിദ്ധീകരണങ്ങളോ പുറപ്പെടുവിച്ചിരുന്നു, കൂടാതെ കഠോര മതഗ്രന്ഥങ്ങളും എഴുതി. 1893 ഏപ്രിൽ 25–നു ഡോ: ഗുണ്ടർട്ട് കാലയവനികക്കുള്ളിൽ മറഞ്ഞു. മലയാളഭാഷയുടെ അഭിവൃദ്ധിക്കുവേണ്ടി ആജീവനാന്തം കഠിനമായി പണിയെടുത്ത ഡോ: ഗുണ്ടർട്ടിനുവേണ്ടി ഒരു സ്മാരകം പോലും കേരളത്തിൽ ഉയർത്തിയിട്ടില്ലെന്നുള്ളതു് ചേർത്തോടെ പറയേണ്ടിയിരിക്കുന്നു. എങ്കിലും മലയാളഭാഷ ഉള്ളിടത്തോളംകാലം അദ്ദേഹത്തിന്റെ സ്മരണ നിലനിൽക്കും.

—



നമ്മുടെ ഭരണസമ്പ്രദായം

ഇന്ത്യയ്ക്ക് 1947 ആഗസ്റ്റ് 15–ാംതീയതി സ്വാതന്ത്ര്യം കിട്ടി. അതിനുശേഷം കോൺസ്റ്റിറ്റുവെൻറ് അസംബ്ലി (Constituent Assembly) നമ്മുടെ രാജ്യത്തിന്റെ ഭരണഘടന (Constitution) എഴുതി ശരിയാക്കി. 1950 ജനുവരി 26–ാംതീയതി ഇന്ത്യ പരമാധികാര ജനകീയ റിപ്പബ്ലിക്കായി (Sovereign Democratic Republic) പ്രഖ്യാപിക്കപ്പെട്ടു

ഒരു പരമാധികാര റിപ്പബ്ലിക്കെന്നതിൽ മൂന്നു കാര്യങ്ങളെ പ്രധാനമായും അടങ്ങിയിരിക്കുന്നു എന്നു് ഇന്ത്യ പരിപൂർണ്ണ സ്വാതന്ത്ര്യവും പരമാധികാരവുമുള്ള ഒരു രാജ്യമാണ്. രണ്ടു – ഇന്ത്യ ഒരു പ്രജായത്ത രാജ്യമാണ്. മൂന്നു – ഇന്ത്യ ഒരു റിപ്പബ്ലിക്കാണ്.

റിപ്പബ്ലിക്ക് എന്നാൽ ജനങ്ങൾ തെരഞ്ഞെടുക്കപ്പെട്ട ഒരു പ്രസിഡണ്ടുണ്ടായിരിക്കുമെന്നും അദ്ദേഹം കുറച്ചുകാലത്തേക്കു് രാഷ്ട്രത്തിന്റെ പരമാധികാരം കയ്യാളുമെന്നും ആണു് അർത്ഥം. ഇങ്ങനെ പല അധികാരങ്ങളുണ്ടെങ്കിലും അവ പ്രയോഗിക്കുന്നതു് മന്ത്രിസഭയുടെ ഉപദേശപ്രകാരമായിരിക്കണമെന്നു് വ്യവസ്ഥയുണ്ടു്.

രാഷ്ട്രപതിയുടെ അഭാവത്തിൽ അദ്ദേഹത്തിന്റെ കർത്തവ്യങ്ങൾ നിറവേറ്റുന്നതു് ഉപരാഷ്ട്രപതിയായിരിക്കും. പാർലിമെൻറിലെ രണ്ടു സഭാംഗങ്ങളുടേയും കൂടി തെരഞ്ഞെടുക്കുന്നതാണ്. പ്രായം, ഇന്ത്യൻ പൗരത്വം എന്നിവയെ സംബന്ധിച്ച് രാഷ്ട്രപതിക്കു വേണ്ട യോഗ്യതകളും പാർലിമെൻറിലെ ഉപരിസഭയായ രാജ്യസഭയിലെ അംഗമാകുന്നതിനുള്ള യോഗ്യതയും ഉപരാഷ്ട്രപതിക്കു് ഉണ്ടായിരിക്കണം. രാജ്യസഭയിലെ അദ്ധ്യക്ഷൻ കൂടിയാണ് ഉപരാഷ്ട്രപതി.

മന്ത്രിസഭ

പ്രസിഡണ്ടു് ഭരണം നിർവ്വഹിക്കുന്നതു് മന്ത്രിസഭയുടെ സഹായത്തോടെയാണ്. നിയമസഭയിലെ ഭൂരിപക്ഷകക്ഷിയുടെ നേതാവിനെ പ്രധാനമന്ത്രിയായും അദ്ദേഹം നിർദ്ദേശിക്കുന്നവരെ സഹമന്ത്രിമാരായും പ്രസിഡണ്ടു് നിയമിക്കും. മന്ത്രിസഭയ്ക്കു് കൂട്ടുത്തരവാദിത്വമാണുള്ളതു്. ലോകസഭയുടെ പിൻതുണ നഷ്ടപ്പെട്ടാൽ മന്ത്രിസഭ രാജിവച്ചു പിരിയേണ്ടതാണ്. ഭരണസംക്രുത്തിനു വേണ്ടി മാരോ സ്റ്റേറ്റുകളുടെയോ പ്രത്യേകം പ്രത്യേകം പാർലിമെൻറിലെ രണ്ടു സഭകളുടേയും കൂടിയുള്ള യോഗത്തിനും പ്രസിഡണ്ടിനു് വിളിച്ചുകൂട്ടാവുന്നതാണ്. പ്രായം, ഇന്ത്യൻ പൗരത്വം എന്നിവയെ സംബന്ധിച്ച് രാഷ്ട്രപതിക്കു വേണ്ട യോഗ്യതകളും പാർലിമെൻറിലെ ഉപരിസഭയായ രാജ്യസഭയിലെ അംഗമാകുന്നതിനുള്ള യോഗ്യതയും ഉപരാഷ്ട്രപതിക്കു് ഉണ്ടായിരിക്കണം. രാജ്യസഭയിലെ അദ്ധ്യക്ഷൻ കൂടിയാണ് ഉപരാഷ്ട്രപതി.

മന്ത്രിസഭ

പ്രസിഡണ്ടു് ഭരണം നിർവ്വഹിക്കുന്നതു് മന്ത്രിസഭയുടെ സഹായത്തോടെയാണ്. നിയമസഭയിലെ ഭൂരിപക്ഷകക്ഷിയുടെ നേതാവിനെ പ്രധാനമന്ത്രിയായും അദ്ദേഹം നിർദ്ദേശിക്കുന്നവരെ സഹമന്ത്രിമാരായും പ്രസിഡണ്ടു് നിയമിക്കും. മന്ത്രിസഭയ്ക്കു് കൂട്ടുത്തരവാദിത്വമാണുള്ളതു്. ലോകസഭയുടെ പിൻതുണ നഷ്ടപ്പെട്ടാൽ മന്ത്രിസഭ രാജിവച്ചു പിരിയേണ്ടതാണ്. ഭരണസംക്രുത്തിനു വേണ്ടി മാരോ സ്റ്റേറ്റുകളുടെയോ പ്രത്യേകം പ്രത്യേകം പാർലിമെൻറിലെ രണ്ടു സഭകളുടേയും കൂടിയുള്ള യോഗത്തിനും പ്രസിഡണ്ടിനു് വിളിച്ചുകൂട്ടാവുന്നതാണ്.

കേന്ദ്ര നിയമസഭ

കേന്ദ്രനിയമസഭയുടെ പേരു് പാർലിമെൻറ് എന്നാകുന്നു. ഇന്ത്യക്കു് പൊതുവേ ബാധകമുള്ള നിയമങ്ങൾനിർമ്മിക്കേണ്ടതു് കേന്ദ്ര നിയമസഭയാണു്. ഈ നിയമസഭയാണ് രാഷ്ട്രപതിയെ 'രാജ്യസഭ' എന്നും അധോമണ്ഡലത്തിനു് 'ലോകസഭ' എന്നും പേർ. ഇവയിൽ ലോകസഭയ്ക്കാണ് കൂടുതൽ അധികാരം. ലോകസഭയുടെ പിൻതുണ നഷ്ടപ്പെട്ടാൽ മന്ത്രിസഭ രാജിവെയ്ക്കേണ്ടിവരും.

പാർലിമെൻറിലെ കൂടുതൽ അംഗസംഖ്യയുള്ളതും അധികാരമുള്ളതുമായ മണ്ഡലം ലോകസഭയാണ്. ഇതിൽ 500 അംഗങ്ങളുണ്ടു്. ഈ സഭയുടെ കാലാവധി അഞ്ചു കാലമാണ്. ലോകസഭയുടെ അദ്ധ്യക്ഷൻറെ പേർ 'സ്പീക്കർ' എന്നുമാണു്; ഉപാദ്ധ്യക്ഷൻറെ പേർ 'ഡപ്യൂട്ടി സ്പീക്കർ' എന്നും. നികുതി പിരിവു്, ധനസംബന്ധമായ ബില്ലുകൾ ലോകസഭയിൽ മാത്രമേ ആദ്യമായി അവതരിപ്പിക്കാവൂ. ബ്രിട്ടൻ മുതലായ മറ്റു രാജ്യങ്ങളിലേയും കീഴ്വഴക്കം ഇതുതന്നെയാണു്.

രാജ്യസഭയിൽ ഏകദേശം നൂറ്റിഅമ്പതു അംഗങ്ങളുണ്ടു്. ഇവരിൽ പന്ത്രണ്ടുപേരെ പ്രശസ്തകലാകാരന്മാർ, സാഹിത്യകാരന്മാർ, ശാസ്ത്രകാരന്മാർ, സമുദായസേവകന്മാർ തുടങ്ങിയവരിൽനിന്നു് പ്രസിഡണ്ടു് നിർദ്ദേശിക്കുന്നു. ബാക്കിയുള്ള തെരഞ്ഞെടുക്കപ്പെടുന്നവരിൽ ഭൂരിപക്ഷം പേരും സംസ്ഥാനനിയമസഭകളിലെ അംഗങ്ങളുടെ മുഖേന തെരഞ്ഞെടുക്കപ്പെടുന്നവരാണു്. ബാക്കി അംഗങ്ങളെ സ്റ്റേറ്റുകളിലെ നിയമസഭകളാണു് തെരഞ്ഞെടുക്കുന്നതു്. രാജ്യസഭ സ്ഥിരസഭയാണു്. ഇതിലുള്ള അംഗങ്ങളെ മുഴുവനായി ഒരിക്കലും പിരിച്ചുവിടുകയില്ല. മൂന്നിലൊന്നു ഭാഗം അംഗങ്ങൾ ഈ രണ്ടുകൊല്ലം കഴിയുമ്പോൾ പിരിഞ്ഞുപോകുകയും അത്രയുംപേർ തൽസ്ഥാനത്തേക്കു് തെരഞ്ഞെടുക്കപ്പെടുകയും ചെയ്യുന്നു. ഓരോ സംസ്ഥാനത്തിനും ജനസംഖ്യാനുപാതികമായി ഈ സഭയിൽ പ്രാതിനിധ്യം നിശ്ചയിച്ചിരിക്കുന്നു.

കേന്ദ്രകോടിയാറ്

കേന്ദ്രത്തിലും സ്റ്റേറ്റുകളിലും മൈനേതിനഭരണത്തിൻറെ മുതല വഹിക്കുവാൻ വിപുലമായ ഉദ്യോഗസ്ഥ മണ്ഡലമാണു് ഏർപ്പെടുത്തിയിട്ടുണ്ടു്. മന്ത്രിമാരും കീഴിലുള്ള സെക്രട്ടറിമാരും, ശാസ്ത്രകാരന്മാർ, സമുദായസേവകന്മാർ തുടങ്ങിയവരിൽനിന്നു് പ്രസിഡണ്ടു് നിർദ്ദേശിക്കുന്ന തനുമൂലം പല തറകളിലും പ്രാതിനിധ്യമുള്ളവരായ വ്യക്തികളുടെ സേവനമാണു് ഈ സ്റ്റേറ്റുകളിലെ നിയമസഭകളാണു് തെരഞ്ഞെടുക്കുന്നതു്. അയ്യായിരത്തിനു് ലഭിക്കുന്നു. ഇങ്ങനെ പല അധികാരങ്ങളുണ്ടെങ്കിലും അവ പ്രയോഗിക്കുന്നതു് മന്ത്രിസഭയുടെ ഉപദേശപ്രകാരമായിരിക്കണമെന്നു് വ്യവസ്ഥയുണ്ടു്.

രാഷ്ട്രപതിക്കു് വിപുലമായ അധികാരങ്ങളും ഉണ്ടു്. ഭാരതത്തിലെ പരമസേനാപതി അദ്ദേഹമാണു്. യൂണിയൻ മന്ത്രിമാർ, സുപ്രീംകോടതി ജഡ്ജിമാർ, സ്റ്റേറ്റ് ഗവണ്ണർമാർ, യൂണിയൻ പബ്ലിക് സർവ്വീസ് കമ്മീഷൻ, തെരഞ്ഞെടുപ്പുകമ്മീഷൻ മുതലായവരെ നിയമിക്കുന്നതു് പ്രസിഡണ്ടാണു്. പാർലിമെൻറ് വിളിച്ചുകൂട്ടുക, അതിൻറെ കാലാവധി നീട്ടുക, പിരിച്ചുവിടുക എന്നിവയും അദ്ദേഹത്തിൻറെ അധികാരപരിധിയിൽപ്പെടുന്നു. രാഷ്ട്രപതിയുടെ അനുമതി കിട്ടിക്കഴിഞ്ഞാൽ മാത്രമേ പാർലിമെൻറ് പാസ്സാക്കുന്ന ബില്ലുകളും നിയമമായിത്തീരുന്നുള്ളൂ. അടിയന്തിരാവസ്ഥയിൽ രാഷ്ട്രപതിക്കു് ഭരണം ഏറ്റെടുക്കുന്നതിനും അദ്ദേഹത്തിനധികാരമുണ്ടു്. കോടതി നൽകുന്നശിക്ഷ ഇളവുചെയ്യുക, ശിക്ഷ കുറയ്ക്കുകയും മാപ്പുനൽകുക, എന്നീ അധികാരങ്ങളും പ്രസിഡണ്ടിനു നിക്ഷിപ്തമായിരിക്കുന്നു. ഇങ്ങനെ പല അധികാരങ്ങളുമുണ്ടെങ്കിലും അവ പ്രയോഗിക്കുന്നതു് മന്ത്രിസഭയുടെ ഉപദേശപ്രകാരമായിരിക്കണമെന്നു് വ്യവസ്ഥയുണ്ടു്.


രാഷ്ട്രപതിയുടെ അഭാവത്തിൽ അദ്ദേഹത്തിൻറെ കർത്തവ്യങ്ങൾ നിറവേറ്റുന്നതു് ഉപരാഷ്ട്രപതിയായിരിക്കും. പാർലിമെൻറിലെ രണ്ടു സഭാംഗങ്ങളുടേയും കൂടി തെരഞ്ഞെടുക്കുന്നതാണ്. പ്രായം, ഇന്ത്യൻ പൗരത്വം എന്നിവയെ സംബന്ധിച്ച് രാഷ്ട്രപതിക്കു വേണ്ട യോഗ്യതകളും പാർലിമെൻറിലെ ഉപരിസഭയായ രാജ്യസഭയിലെ അംഗമാകുന്നതിനുള്ള യോഗ്യതയും ഉപരാഷ്ട്രപതിക്കു് ഉണ്ടായിരിക്കണം. രാജ്യസഭയിലെ അദ്ധ്യക്ഷൻ കൂടിയാണ് ഉപരാഷ്ട്രപതി.

മന്ത്രിസഭ

പ്രസിഡണ്ടു് ഭരണം നിർവ്വഹിക്കുന്നതു് മന്ത്രിസഭയുടെ സഹായത്തോടെയാണ്. നിയമസഭയിലെ ഭൂരിപക്ഷകക്ഷിയുടെ നേതാവിനെ പ്രധാനമന്ത്രിയായും അദ്ദേഹം നിർദ്ദേശിക്കുന്നവരെ സഹമന്ത്രിമാരായും പ്രസിഡണ്ടു് നിയമിക്കും. മന്ത്രിസഭയ്ക്കു് കൂട്ടുത്തരവാദിത്വമാണുള്ളതു്. ലോകസഭയുടെ പിൻതുണ നഷ്ടപ്പെട്ടാൽ മന്ത്രിസഭ രാജിവച്ചു പിരിയേണ്ടതാണ്. ഭരണസംക്രുത്തിനു വേണ്ടി മാരോ സ്റ്റേറ്റുകളുടെയോ പ്രത്യേകം പ്രത്യേകം പാർലിമെൻറിലെ രണ്ടു സഭകളുടേയും കൂടിയുള്ള യോഗത്തിനും പ്രസിഡണ്ടിനു് വിളിച്ചുകൂട്ടാവുന്നതാണ്.

കേന്ദ്രകോടിയാറ്

കേന്ദ്രത്തിലും സ്റ്റേറ്റുകളിലും മൈനേതിനഭരണത്തിൻറെ മുതല വഹിക്കുവാൻ വിപുലമായ ഉദ്യോഗസ്ഥ മണ്ഡലമാണു് ഏർപ്പെടുത്തിയിട്ടുണ്ടു്. മന്ത്രിമാരും കീഴിലുള്ള സെക്രട്ടറിമാരും, ശാസ്ത്രകാരന്മാർ, സമുദായസേവകന്മാർ തുടങ്ങിയവരിൽനിന്നു് പ്രസിഡണ്ടു് നിർദ്ദേശിക്കുന്നതനുസരിച്ച് വിധിക്കപ്പെടുന്നവരാണു് കോടിയാറിലെ



പ്രിയപ്പെട്ടവരെ,

ഇന്ന് ജനുവരി 26 ആണല്ലോ; എല്ലാവർക്കും ഇന്ന് അവധിദിവസവും. ഇന്ത്യ ഒരു പരമാധികാര റിപ്പബ്ലിക്കായിത്തീർന്നതിൻറെ സുന്ദരനിമിഷങ്ങളിലോരോന്നിലും ഇന്ന് നമ്മുടെ [illegible] ഉണ്ടെന്ന് ബാലേട്ടന് പൂർണ്ണബോധ്യം ഉണ്ട്. ഇന്നേദിവസം നിങ്ങളും ആഘോഷമായി കൊണ്ടാടുമെന്നുമെന്നിക്കറിയാം. കലാശാലകളിൽ പ്രത്യേകമായി [illegible] കാണും. അവിടെ നിങ്ങളുടെ കലാപരിപാടികളും നിശ്ചയമായും കാണും. ഇന്ത്യൻ റിപ്പബ്ലിക്കിനെക്കുറിച്ചുള്ള കീർത്തികരം പ്രസംഗകരുടെ ചുണ്ടിലൂടെ പുറത്തുവരും. ഇങ്ങനെ ഒരുദ്യോഗമാണി ദിവസമെന്ന് ചുരുക്കത്തിൽപ്പറയാം. നിങ്ങളെ ജനാധിപത്യസിദ്ധാന്തത്തിൻറെ സാരാംശത്തിനെപ്പറ്റിയുള്ള പ്രവർത്തനങ്ങൾ ക്രമീകരിക്കുവാൻ ഉദ്യോഗസ്ഥർ മിക്കവാറും ഇന്നു ശ്രമിക്കുന്നതാണ്. സ്കൂളുകളിലായിരിക്കുമ്പോഴും വായനശാലയിൽ എത്തുമ്പോഴും ബസ്സിൽ കയറുമ്പോഴും തിയേറ്ററിൽ മെല്ലുമ്പോഴും എന്നുവേണ്ട നിങ്ങളും എവിടെയെല്ലാം കണ്ടുമുട്ടുന്നതിനെക്കുറിച്ചും അവിടങ്ങളിലൊക്കെയാധിപത്യത്തിൻറെ മൂലികാവശ്യകതകളെ മനസ്സിലാക്കിക്കൊണ്ടുവേണം പ്രവർത്തനനിരതരാകുവാൻ. സ്വതന്ത്ര ഇന്ത്യയുടെയാകെ ഉണ്ടാകാവുന്ന എല്ലാം ചെയ്തും വലുതാകുവാനുള്ള ആകാംക്ഷയുടെ നേരിട്ടവകാശി നിങ്ങളും നിങ്ങളുടെ ഇളമനസ്സുകളെ ഒരുക്കിക്കൊള്ളുക.

സ്നേഹം
ബാലേട്ടൻ

വിനോദോപന

ബ്രേക്കില്ലാത്ത വണ്ടിയും ബ്രേക്കറ്റ് കാലിയും

ശ്രീ. കൊച്ചുവീട്ടിൽ കുരിയച്ചിറ അംഗനസ്വ: 10

ഒരു ശനിയാഴ്ച ദിവസത്തിലെ യാത്രയാണ്. പൂട്ടിൻറെ ആധിക്യംകൊണ്ടും തല പൊട്ടിത്തെറിക്കുമെന്നു തോന്നി. കഞ്ചൻനമ്പ്യാർ പറഞ്ഞതുപോലെ ഒരുപിടിനെല്ല് കഷണ്ടിതികയിലിടുക്കാം എങ്കിൽ തീർച്ചയായും മലർയി കിട്ടും! ഒരുനൂറു മൊഗാട്ടൺ ബോമ്പിട്ട സൂയ്സ്ഗാളം പൊട്ടിത്തെറിപ്പിക്കുവൻ രഷ്യനോടോ അമേരിക്കനോടോ അഭ്യർത്ഥിക്കണമെന്ന് ഞാൻ കരുതി.

ഞാൻ എൻറെ 'ആപ്പിസ്' വേഷത്തിൽ ഉണ്ണികഴിക്കുന്നതിനുള്ള സമയമാണ്. പാൻറും ഷർട്ടും ധരിച്ച എന്നെ കണ്ടാൽ 'എടാ കോക്കാമ്പ്വേ'യും, എന്നെ വാശിപിടിച്ചകരയുന്നതും, എന്നെ വാശിപിടിച്ചകരയുന്ന കുട്ടികളെ ഭയപ്പെടുത്തൻ ഞാൻ പറഞ്ഞുകൊടുക്കാറുള്ള ഭയപ്പെടുത്തുന്ന ഒരു രൂപവും ഓർമ്മവരും. ഇതുപോലെ ഒരു ദിവസത്തിലുള്ള ആപ്പീസുവേഷം ധരിച്ച ഞാൻ ആരാണെന്ന് മുൻകൂട്ടി പറയാം. 'ബസ്സ്' ലോറി കാർ ജീപ്പ് മുതലായവ ഓപ്പറേഷൻ നടത്തുന്ന പ്രധാന ആസ്പത്രിയിലെ ഒരു ചെറിയഡോക്ടറാണ്.

ഈ ഉദ്യോഗവുമായി സംബന്ധമായ ഡോക്ടർമാരെപ്പോലെ ഞാനും എൻറെ ഹൃദയത്തിനകത്തും ശിഷ്യന്മാരുടെ മനസ്സുകളിലും ജോലിചെയ്യുന്നവനല്ല (എല്ലാവരുമല്ല. കുറച്ചുപേർ മാത്രം. ഞങ്ങളും ഉയർച്ചയും മറിയുകയും തട്ടുകയും മുട്ടുകയും എല്ലാം എല്ലാം ചെയ്യും.

ആസ്പത്രികളിലെ മെഡിക്കൽ ഡോക്ടർമാർക്ക് പ്രതിമാസം ശമ്പളം, എണ്ണിവാങ്ങിക്കുന്ന ജോലിയാണ് കൂടുതൽ പ്രത്യേകിച്ച് സർക്കാരാശുപത്രികളിലെ ഭാവിയെ എട്ടു മണിക്ക് ഹോസ്പിറ്റലിൽ കയറുകയും കൃത്യം രണ്ടരയ്ക്കുതന്നെ പുറത്തുകടക്കുകയും ചെയ്യുന്ന ഡോക്ടർമാരുണ്ട്. വന്നകഴിഞ്ഞാൽപിന്നെ കസേരയിൽ കുറേനേരിരിക്കും. ഒരു പെൻസിൽ ശബ്ദത്തിൽ സ്ലിപ്പും പേനയും എടുക്കുകയായി. പിന്നിട് മരുന്നുകളെപ്പറ്റിയും ഭാവിയിൽ മരുന്നുകളെപ്പറ്റിയും ഒരു വല്ലവിളിച്ചുകൊണ്ടാണ് ജോലി. രോഗി രോഗകാരണങ്ങളും പറഞ്ഞുകഴിയുമ്പോഴേക്കും മരുന്നിനുള്ള കുറിപ്പ് കയ്യിൽ കിട്ടിക്കഴിഞ്ഞിരിക്കും.

ഇതുപോലെയല്ലാതെ ഒരു ഡോക്ടർ ഉണ്ട്. ഇദ്ദേഹത്തിൻറെ ഭാര്യ ഒരു ഡോക്ടറാണ്. ഇവർ രണ്ടുപേരും ഒരു ആസ്പത്രിയിലെ ഡോക്ടർമാര

ഗ്രന്ഥവിചാരം

ആധുനികനീതി കഥകൾ

ഉള്ള: ഡി. എം. ബോർഗോൺകർ; വിവർത്തകൻ–പി. എം. കുമാരൻനായർ; പ്രസിദ്ധർ: എച്ച് & സി സ്റ്റോഴ്സ്, കന്നംകുളം; വില: 0 75; പേജ്: 56)

ഇതിലുള്ള 15 കഥകളും ഉണ്ട്. സദുപദേശത്തിനു നിറഞ്ഞ നീതികഥകളാണിതിലുള്ളത്. കഥകളും വായിക്കുവാനാണല്ലോ എല്ലാവർക്കും കമ്പം. നല്ല കഥകളും വായിക്കുവൻ ഉദ്ദേശിക്കുന്നവർ വായനക്കാർക്കു നല്ലവരാകണം. സന്മാർഗ്ഗത്തിലേക്ക് മനുഷ്യരെ നയിക്കണമെന്ന ലക്ഷ്യത്തോടെ എഴുതിയിരിക്കുന്നതാണിതിലെ മിക്ക കഥകളും. ധൂർവിദ്യത്തിൽ ഉണ്ടായിട്ടുള്ള കഥകളും, ഭൂതപ്രേതപിശാചുക്കളുടെയും അഭാവത്തിൽ ഒരേതരം കഥകളുമാണ്. എല്ലാം കഥകളുടെയും അവസാനത്തിൽ ഗുണപാഠം കൊടുത്തിട്ടുണ്ട്. അതു വായിച്ചുശേഷം കഥ വായിച്ചതിൽ കുറിച്ചിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ഓർക്കുവാൻ ഉപകാരം.

(കെ. അബ്ദുൾ ഖാദർ, എം എ)

ആരാണിതിനുത്തരവാദി

(ഗ്രന്ഥകർത്തവ്: പുത്തേഴത്തു രാമൻമേനോൻ; വിതരണം: നാഷനൽ ബുക്ക് സ്റ്റാൾ, കോട്ടയം; വില: 3 0 പുത്തേഴത്തു രാമൻമേനോൻ 75 ാം ജന്മദിനത്തിൽ പ്രസിദ്ധപ്പെടുത്തിയ 5 ഗ്രന്ഥങ്ങളിൽ ഒന്നാണിതു്. ഈ 5 പുസ്തകങ്ങൾ വിച്ച് ഏറ്റവും നന്നു, ഈ തന്നെ.

അടിസ്ഥാനപരമായിത്തന്നെ ഫലിതപ്രധാനമാണ് പുത്തേഴത്തു രാമൻമേനോൻ. മേനോൻറെ പുസ്തകങ്ങളിൽ മുക്കാൽ ഡസനും. വിദ്യാഭ്യാസവിഷയമായാലും ചരിത്രസംബന്ധമായാലും, ശാസ്ത്രത്തെക്കുറിച്ചും മതഭക്തിയെക്കുറിച്ചും തത്വചിന്തയെക്കുറിച്ചും എന്നുവേണ്ട ഭൂമിയിലുള്ള ഏതുതരം വിഷയത്തെക്കുറിച്ചും എഴുതുമ്പോഴും പരിഹാസരസം കലർത്തി സ്നിഗ്ദ്ധരമായ വിധത്തിലല്ല രാമമേനോൻ എഴുതുന്നതു മുഖം ഏതു ലേഖനവും വിരോധോപനയമെന്നു കരുതി വായിച്ചാൽ മതി. അമ്മമാർക്കുള്ള് സഹിഷ്ണുപരിശുദ്ധിൽ പി. കെ. രാജരാജവർമ്മയെ ടയും മി രാ നേരും നേരുള്ള കുഞ്ഞൻകുട്ടിയുടെയും വിശലക്ഷ്യ ടയുടെയും കൂട്ടത്തിലായി രിക്കും രാമമേനോനും സ്ഥാനം കിട്ടുക.

മനുഷ്യനക്കാര്യത്തിൽ പാർക്കുവാനുള്ള ഒരു ഉഗ്രൻ ഗ്രന്ഥമാണ് ഈ കൃതിയിലു ടെ ഗ്രന്ഥകർത്തവ് നമ്മിൽനിന്നു പോയിരിക്കുന്നതു്. 18 ലക്കങ്ങളായിട്ടാണ് ഇതു പ്രസിദ്ധീകരിച്ചുവന്നതു നമ്മിലും ഉടനെ ഇതു പൂർത്തിയാകുമല്ലോ. മനുഷ്യനെന്ന ജന്തുവിനെക്കുറിച്ചുള്ള ഒരു ശാസ്ത്രഗ്രന്ഥമാണിതു്. ഈ ഗ്രന്ഥത്തിൽ ഒരിടത്തു് ഗ്രന്ഥകർത്താവു് പറയുന്നു: "കാമപ്രേരിതമായ സംയോഗത്തിൽനിന്നുണ്ടാകുന്ന ഒരു ജീവിയാണു് മനുഷ്യൻ. ഈ കാമവികാരം ഒരു വിഷയമാണു്. ഈ വിഷയത്തെക്കുറിച്ചു് ഇന്നുവരെ ഒരു ശാസ്ത്രവും ഉണ്ടായിട്ടില്ല. ഈ വിഷയത്തിൽ ഒരു ശാസ്ത്രം ഉണ്ടാക്കുവാൻ ഞാൻ ശ്രമിക്കുന്നു." ഈ ശാസ്ത്രത്തിനു് ഇതുവരെ ഒരു പേരുമിട്ടിട്ടില്ല. ഈ ശാസ്ത്രത്തിനു് ഒരു പേരിടുവാൻ ഞാൻ ഉദ്ദേശിക്കുന്നു